# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചെറുവണ്ണൂർ ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി. പി4/2456 /2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഫോൺ-0495 2371012
ഇ-മെയിൽ-ddlfakkd@yahoo.in

തീയ്യതി:10.12.2018

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചെറുവണ്ണൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചെറുവണ്ണൂർ ഗ്രാമ പഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2, 3ഭാഗങ്ങളിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.കെ.കെ.ഡി. പി4/2456/2018 തീയതി:10.12.18

# കോഴിക്കോട് ജില്ലയിലെ ചെറുവണ്ണൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ചെറുവണ്ണൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 19.06.2017 മുതൽ 20.10.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. സതീഷ് മാവേലി പുത്തൻവീട് |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.10.2018 മുതൽ 31.10.2018 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സതീഷ് കുമാർ. കെ. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. എം.കരുണാകരൻ | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ഇന്ദുകല.സി.വി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ശ്രീജിത്ത്. കെ. വി | ഓഡിറ്റർ |

(ബി)<u>നിർവ്വഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. കെ. പി. ബിജു | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ഷാജി. എം. സ്റ്റീഫൻ | 01.04.2017 മുതൽ 31.03.2018 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. സെക്രട്ടറി | ശ്രീ.അനിൽ കുമാർ.എൻ | 01.04.2017 മുതൽ 31.03.2018 വരെ |
| അസി.എഞ്ചിനീയർ* | ശ്രീമതി.മിസ്സി.ടി.സി | 15.06.2017 മുതൽ 26.09.2017 വരെ |
| | ശ്രീ. ശ്രീജിത്ത്.പി | 17.10.2017 മുതൽ 21.10.2017 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ഡോണ കരുപ്പാളി | 01.04.2017 മുതൽ 01.11.2017 വരെ |
| | ശ്രീമതി.രേഷ്മ എൻ | 01.11.2017 മുതൽ |

| | | |
|---|---|---|
| | | 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.അമൂല്യ.പി | 01.04.2017 മുതൽ 05.07.2017 വരെ |
| | ഡോ. സറീന മന്നത്ത് | 06.07.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്. സി) | ഡോ. മാധവശർമ്മ ബിനോയ് | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. സീന. ബി. മഠത്തിൽ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. പ്രശോഭ് കുമാർ | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. സുരേന്ദ്രൻ. പി. കെ | 01.04.2017 മുതൽ 16.05.2017 വരെ |
| | ശ്രീ. രാജൻ. എൻ | 17.05.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. രജനി. പി | 01.04.2017 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ജംഷിറ.സി.കെ | 01.04.2017 മുതൽ 25.01.2018 വരെ |
| | ശ്രീ. ഷാജി. കെ | 01.04.2017 മുതൽ |

| | | |
|---|---|---|
| | | 31.03.2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. ശിവദാസൻ.കെ | 01.04.2017 മുതൽ 31.03.2018 വരെ |

*അസി. എഞ്ചിനീയർ തസ്തിക 01.04.2017 – 14.06.2017, 27.09.2017-16.10.2017, 22.10.2017-31.03.2018 കാലയളവിൽ ഒഴിഞ്ഞു കിടക്കുന്നു

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 | 1-10 |

| | | |
|---|---|---|
| | അനുബന്ധം ബി) | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | രശീതുകളുടെ ഉപയോഗത്തിലെ അപാകതകൾ | 2-1 |
| 14 | തൊഴിൽ നികുതി-അപാകതകൾ | 2-2 |
| 15 | ഡി & ഒ ലൈസൻസ് | 2-3 |
| 16 | വസ്തു നികുതി- അപാകതകൾ | 2-4 |
| | ഭാഗം 3 | |
| 17 | നിരപ്പം സ്റ്റേഡിയം- സ്ഥലം ഏറ്റെടുക്കൽ | 3-1 |
| 18 | തനത് ഫണ്ട് നീക്കിയിരിപ്പ് കമ്മി. | 3-2 |
| 19 | കോർട്ട് ഫീയായി ബഹു. ഹൈക്കോടതിയിൽ കെട്ടി വെക്കാനായി നൽകിയ തുക കോർട്ട് ഫീ ഒഴിവാക്കി വിധിയുണ്ടായിട്ടും തിരികെ വാങ്ങിയില്ല. | 3-3 |
| 20 | പട്ടികജാതി വികസനം -വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിയ പ്രൊജക്ടുകൾക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിൽ അപാകത | 3-4 |
| 21 | ക്ഷീരഗ്രാമം പദ്ധതി- ഗുണഭോക്തൃലിസ്റ്റിലെ മുൻഗണന ക്രമം ലംഘിച്ച് പശുക്കളെ വിതരണം ചെയ്തു. | 3-5 |
| 22 | കാർഷിക മേഖലയിലെ പദ്ധതികൾ | 3-6 |

| | | |
|---|---|---|
| 23 | മരാമത്ത് പ്രവർത്തികൾ പൂർത്തീകരിക്കപ്പെടുന്നില്ല. | 3-7 |
| 24 | പഞ്ചായത്ത് ഓഫീസ് വാഹനം വാങ്ങൽ- വാഹനം പഞ്ചായത്തിന്റ ആസ്തിരജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവയിൽ ഉൾപ്പെട്ടില്ല. | 3-8 |
| 25 | തെരുവുവിളക്ക് സ്ഥാപിക്കൽ പ്രൊജക്ട് പ്രകാരം ഗുണനിലവാരം കുറഞ്ഞ തെരുവുവിളക്കുകൾ സ്ഥാപിച്ചു. | 3-9 |
| 26 | കേരള വാട്ടർ അതോറിറ്റി കുടിശ്ശിക- പഞ്ചായത്തിൽ അവശ്യം വേണ്ട രേഖകളില്ല. | 3-10 |
| 27 | S.C വിദ്യാർത്ഥികൾക്ക് മെറിറ്റോറിയൽ സ്കോളർഷിപ്പ്- ആവശ്യമായ രേഖകൾ ഹാജരാക്കാതെ ഗുണഭോക്താക്കൾക്ക് സ്കോളർഷിപ്പ് വിതരണം ചെയ്തു. | 3-11 |
| 28 | വൃദ്ധജനങ്ങൾക്ക് കട്ടിൽ വിതരണം - അപാകതകൾ | 3-12 |
| 29 | വി.ഇ.ഒ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ | 3-13 |
| 30 | ആശ്രയ പ്രൊജക്ട് 2ാം ഘട്ടം ലക്ഷ്യം കൈവരിച്ചില്ല. | 3-14 |
| 31 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം - അപാകതകൾ | 3-15 |
| 32 | S.S.A.വിഹിതം അടവാക്കൽ-വിനിയോഗ വിവരം ലഭ്യമാക്കിയില്ല | 3-16 |

| | | |
|---|---|---|
| 33 | മുഴുവൻ മരുന്നുകളും ലഭ്യമായില്ല | 3-17 |
| 34 | മണൽ പാസ്- തുക തിരിച്ച് നൽകിയതിൽ അവ്യക്തത | 3-18 |
| 35 | ആദായ നികുതി ഈടാക്കിയതിൽ കുറവ് | 3-19 |
| 36 | കന്നുകുട്ടി പരിപാലനം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. | 3-20 |
| 37 | മാർഗ്ഗരേഖക്ക് വിരുദ്ധമായി പദ്ധതി പ്രവർത്തനങ്ങൾക്ക് തനത് ഫണ്ട് വകയിരുത്തുന്നു. | 3-21 |
| | ഭാഗം 4 | |
| 38 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 39 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 40 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 41 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 42 | സ്ഥിര നിക്ഷേപം | 4-5 |
| 43 | ഓഡിറ്റ് റിക്കവറി | 4-6 |
| 44 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-8 |
| 46 | ഓഡിറ്റ് സാക്ഷ്യപത്രം | |


# ഭാഗം 1

# പൊതു അവലോകനം

## 1-1 ബജറ്റ്

21.03.2017തീയതിയിലെ 61/17 നം തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 06.03.2018 തീയതിയിലെ 1(2)നം തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2018 | 14.05.2018 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 22.06.2018 & 23.06.2018 | കെ.എസ്.എ.കെ.കെ.ഡി /ഇ2/1111/ 2018(13) തീ. 17.07.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 85,33,277 |
| വരവ് | 4,68,22,841 |
| ആകെ | 5,53,56,118 |
| ചെലവ് | 4,90,28,695 |
| നീക്കിയിരിപ്പ് | 63,27,423 |

## 1-5 ഫണ്ട് വിനിയോഗം

<table>
<tr><th colspan="2">ഫണ്ടിനം</th><th>ഒ.ബി</th><th>വരവ്</th><th>ആകെ</th><th>ചെലവ്</th><th>സി.ബി</th></tr>
<tr><td colspan="2">വികസന ഫണ്ട്-ജനറൽ (ACR പ്രകാരം)</td><td>-</td><td>13050000</td><td>13050000</td><td>11747685</td><td>1302315</td></tr>
<tr><td colspan="2">വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം)</td><td>-</td><td>6009328</td><td>6009328</td><td>4938405</td><td>1070923</td></tr>
<tr><td colspan="2">വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം)</td><td>-</td><td>--</td><td>-</td><td>-</td><td>-</td></tr>
<tr><td colspan="2">മെയിന്റനൻസ്, റോഡ് (ACR പ്രകാരം)</td><td>-</td><td>7787000</td><td>7787000</td><td>4974940</td><td>2812060</td></tr>
<tr><td colspan="2">മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം)</td><td>-</td><td>2805000</td><td>2805000</td><td>1528629</td><td>1276371</td></tr>
<tr><td colspan="2">സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം)</td><td>-</td><td>5990026</td><td>5990026</td><td>2272289</td><td>3717737</td></tr>
<tr><td colspan="2">കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം)</td><td>-</td><td>1659144</td><td>1659144</td><td>1569213</td><td>89931</td></tr>
<tr><td colspan="2">സാക്ഷരത</td><td>44171</td><td>61936</td><td>106107</td><td>-</td><td>106107</td></tr>
<tr><td colspan="2">ദുരിതാശ്വാസനിധി</td><td>14194</td><td>2186</td><td>16380</td><td>-</td><td>16380*</td></tr>
<tr><td rowspan="2">എം.ജി.എൻ.ആർ.ഇ.ജി.എസ്</td><td>തൊഴിലാളികളുടെ കൂലി</td><td>0</td><td>43005593</td><td>43005593</td><td>43005593</td><td>0</td></tr>
<tr><td>അഡ്മിനിസ്ട്രേറ്റീവ് ചെലവ്</td><td>1857</td><td>51292026</td><td>51310613</td><td>51303829</td><td>6784</td></tr>
</table>

| | | | | | | |
|---|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | TSC | 403400 | - | 403400 | 0 | 403400 |
| | ICDS | 109,741 | 752639 | 862380 | 266274 | 596106 |
| ജോയിന്റ് വെഞ്ച്വർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | - | 9,00,000 | 9,00,000 | 9,00,000 | - |
| | ജില്ലാ പഞ്ചായത്ത് | - | 15,98,155 | 15,98,155 | 11,73,213 | 4,24,942 |
| ബി ഫണ്ട് | | - | 36391440 | 36391440 | 36391440 | - |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 3314964 | 2771313 | 6086277 | 4303844 | 1782433 |
| | ട്രഷറി അക്കൗണ്ട് | 1189525 | 9037811 | 10227336 | 9563482 | 663854 |

* ദുരിതാശ്വാസ നിധി അക്കൗണ്ട് (നം.3110) പാസ്സ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് 16380 ന് പകരം 16287 എന്ന് തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത് (പ്രോഗ്രസ്സീവ് ടോട്ടൽ രേഖപ്പെടുത്തിയത് തെറ്റായാണ്).

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 147 | 5,74,44,473 | 100 | 3,12,11,855 | 15 | 32 | 68.02 |

2017-18 വർഷത്തിൽ 147 പ്രൊജക്ടുകൾക്കായി 5,74,44,473 രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 100 പദ്ധതികൾക്കായി 3,12,11,855/- രൂപ

ചെലവഴിച്ചിട്ടുണ്ട്. ഓരോ നിർവ്വഹണ ഉദ്യോഗസ്ഥരും നടപ്പാക്കിയ പ്രൊജക്ടുകളും ഇതിനായി വകയിരുത്തിയതിന്റേയും ചെലവഴിച്ചതിന്റേയും വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രൊജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയവയുടെ എണ്ണം | അടങ്കൽ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 64 | 44 | 2,50,01,487 | 1,17,20,608 | 46.88% |
| 2 | അസി. സെക്രട്ടറി | 6 | 5 | 25,85,946 | 16,73,108 | 64.70% |
| 3 | അസി.എഞ്ചിനീയർ | 34 | 10 | 1,12,28,496 | 30,56,394 | 27.22 |
| 4 | കൃഷി ഓഫീസർ | 6 | 6 | 31,91,666 | 31,07,132 | 97.35% |
| 5 | വെറ്ററിനറി സർജൻ | 4 | 4 | 27,33,000 | 16,82,500 | 61.56% |
| 6 | മെഡിക്കൽ ഓഫീസർ (പി.എച്ച്. സി) | 3 | 3 | 5,95,000 | 5,09,744 | 85.67% |
| 7 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 1 | 6,00,000 | 6,00,000 | 100% |
| 8 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 25,000 | 21,772 | 87.08% |
| 9 | ഹെഡ് മാസ്റ്റർ | 6 | 6 | 12,85,000 | 10,75,000 | 83.66% |

| | | | | | | |
|---|---|---|---|---|---|---|
| 10 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 9 | 42,07,878 | 35,20,683 | 83.67% |
| 11 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 10 | 8 | 40,41,000 | 25,64,914 | 63.47% |
| 12 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 3 | 3 | 19,50,000 | 16,80,000 | 54.33% |
| | ആകെ | 147 | 100 | 5,74,44,473 | 3,12,11,855 | 54.33 |

മേഖല തിരിച്ചുള്ള ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| വിഭാഗം | മേഖല | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| പൊതുവിഭാഗം | പശ്ചാത്തലം | 2,00,67,667 | 93,62,725 | 46.66 |
| | സേവനം | 1,92,29,924 | 1,01,29,858 | 52.68 |
| | ഉല്പാദനം | 91,16,666 | 62,66,632 | 68.74 |
| പട്ടികജാതി വിഭാഗം | പശ്ചാത്തലം | 23,88,000 | 16,18,715 | 67.79 |
| | സേവനം | 63,84,216 | 36,30,925 | 56.87 |
| | ഉല്പാദനം | 2,58,000 | 2,03,000 | 78.68 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

| ക്രമ നം | പ്രൊജക്ട് നം. | പദ്ധതിയുടെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | വകയിരുത്തിയ തുക |
|---|---|---|---|---|
| 1 | 5, 158 | ദിശാ ബോർഡുകൾ സ്ഥാപിക്കൽ | സെക്രട്ടറി | 50,000 |
| 2 | 6 | സോളാർ തെരുവ് വിളക്ക് സ്ഥാപിക്കൽ | | 3,00,000 |
| 3 | 8 | അംഗീകൃത വായനശാലകൾക്ക് ഫർണ്ണിച്ചർ | | 50,000 |
| 4 | 11 | അംഗൻവാടിക്ക് സ്ഥലം വാങ്ങൽ | | 50,000 |
| 5 | 15 | വനിതാ കാന്റീൻ ഭൗതിക സൗകര്യം മെച്ചപ്പെടുത്തൽ | | 2,00,000 |
| 6 | 21 | PHC ലാബിന് ആവശ്യമായ ഉപകരണങ്ങൾ ഫർണ്ണിച്ചർ എന്നിവ വാങ്ങൽ | മെഡിക്കൽ ഓഫീസർ (PHC) | 2,21,000 |
| 7 | 30 | എസ്.സി കോളനികളിൽ സോളാർ തെരുവ് വിളക്ക് സ്ഥാപിക്കൽ | സെക്രട്ടറി | 3,00,000 |

| | | | | |
|---|---|---|---|---|
| 8 | 36 | ബാലസഭ | അസി. സെക്രട്ടറി | 25,000 |
| 9 | 46 | മൃഗാശുപത്രി കിണർ നിർമ്മാണം | അസി. എഞ്ചിനീയർ | 1,50,000 |
| 10 | 55 | തെങ്ങുള്ള മലയിൽ അംഗൻവാടി കെട്ടിട നിർമ്മാണം | | 6,00,000 |
| 11 | 98 | എമ്മനക്കണ്ടി കോളനി കിണർ നവീകരണം | | 1,50,000 |
| 12 | 101 | നിരപ്പം കുന്ന് സ്റ്റേഡിയം ഗേറ്റ് നിർമ്മാണം | | 2,00,000 |
| 13 | 103 | പ്ലാസ്റ്റിക് റീ സൈക്ലിംഗ് യൂണിറ്റ് നവീകരണം | | 3,00,000 |
| 14 | 104 | കരുവോട് ചിറയ്ക്ക് വി.സി.ബി നിർമ്മാണം | | 4,95,000 |
| 15 | 113 | മുയിപ്പോത്ത് സാംസ്കാരിക നിലയം നവീകരണം | | 1,40,000 |
| 16 | 115 | പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുന്നതിന്റെ ഭാഗമായി സ്റ്റീൽ പാത്രങ്ങൾ വാങ്ങി വാടകയ്ക്ക് ലഭ്യമാക്കൽ | വി.ഇ.ഒ | 2,00,000 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1,857 | 5,12,92,026 | 5,13,10,613 | 5,13,03,829 | 6784 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 4,30,05,593 | 4,30,05,593 | 4,30,05,593 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,68,840 | 284 |
| കർഷകതൊഴിലാളി പെൻഷൻ | 1,04,47,300 | 3548 |
| വിധവാപെൻഷൻ | 1,01,54,800 | 3391 |
| വാർദ്ധക്യകാലപെൻഷൻ | 1,53,75,300 | 4538 |
| വികലാംഗപെൻഷൻ | 34,11,300 | 1091 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2,27,200 | 79 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 18,000 | 6 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.10.2018ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 93,816/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി)

2017-18 വർഷം ഐ.എസ്.ഒ 9001-2015 സർട്ടിഫിക്കേഷൻ ലഭിച്ച കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ബ്ലോക്കിലെ ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് കാര്യങ്ങളിൽ നല്ല പ്രവർത്തനം കാഴ്ച വയ്ക്കുന്നുണ്ടെന്ന് വർഷങ്ങളോളം പഴക്കമുള്ള പഴയ ഫയലുകൾ വളരെ കൃത്യതയോടെ വേഗത്തിൽ കണ്ടുപിടിക്കാൻ ഇത് മൂലം സാധിക്കുന്നുണ്ട്.
സെക്രട്ടറി ഉൾപ്പെടെ 16 സ്ഥിര ജീവനക്കാരാണ് സ്ഥാപനത്തിൽ ഉള്ളത്. കാലകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഓഫീസ് ഉത്തരവിലൂടെ ജീവനക്കാരുടെ ചുമതലകൾ വിഭജിച്ച് നൽകിയിട്ടുണ്ട്. ജീവനക്കാരുടെ കർത്തവ്യങ്ങളും ഉത്തരവാദിത്തങ്ങളും ചുമതലകളും നിർണ്ണയിച്ച് വിശദമായ ഒരു ഉത്തരവ് 07.08.2017 ന് 27/2017 നമ്പറായി പുറപ്പെടുവിച്ചിട്ടുണ്ട്. പഞ്ചായത്തിലെ അറ്റൻഡൻസ് രജിസ്റ്റർ, ലീവ് രജിസ്റ്റർ എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്.
ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനം തൃപ്തികരമാണ്. പഞ്ചായത്തിലേക്ക് ലഭിക്കുന്ന തപാലുകൾ ഫ്രണ്ട് ഓഫീസിൽ നമ്പറിടുന്നത് മുതൽ ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ, പേഴ്സണൽ രജിസ്റ്റർ എന്നിവ സൂചിക സോഫ്റ്റ്‌വെയറിലൂടെയാണ് ജനറേറ്റ് ചെയ്യുന്നത്. ആയത് കൃത്യമായി നടപ്പിലാക്കുന്നുണ്ട്.
2017-18 വർഷത്തെ ഓഫീസ് മീറ്റിംഗ് രജിസ്റ്റർ പരിശോധിച്ചതിൽ 2017 നവംബർ മാസം മുതൽ 2018 മാർച്ച് മാസം വരെ മീറ്റിംഗ് നടത്തിയതായി കാണുന്നില്ല. ഓഫീസിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകളുടെ പരിശോധനയിൽ അത്യാവശ്യം വേണ്ട സ്യൂട്ട് രജിസ്റ്റർ, തെരുവ് വിളക്കുകളുടെ പരിപാലന രജിസ്റ്റർ, വാട്ടർ ടാപ്പുകളുടെ രജിസ്റ്റർ എന്നിവയും എഴുതി സൂക്ഷിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| | തീയതി | | |
| പെർഫോമൻസ് ഓഡിറ്റ് | 21.04.2018 മുതൽ 23.04.2018 വരെ | 02/2018, 03/2018 | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.12.2016 | 2011-12 മുതൽ 2015-16 വരെ | LBACH(Q)/1/ LBAX/ 26.12.2016 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1. വസ്തുനികുതി സഞ്ചയപ്രകാരമുള്ള ഡിമാന്റ് തുകയും വാർഷിക കണക്കുകൾ പ്രകാരമുള്ള ഡിമാന്റ് തുകയും തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. സഞ്ചയ പ്രകാരം വസ്തുനികുതിയിനത്തിൽ 1956787 രൂപയാണ് ഡിമാന്റായി കാണിച്ചിട്ടുള്ളത്. എന്നാൽ വാർഷിക കണക്കുകൾ പ്രകാരം ഡിമാന്റ് തുക 19,07,989 രൂപയാണ്.
2. വസ്തുനികുതി ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള കുടിശ്ശിക തുക കഴിഞ്ഞ വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള കുടിശ്ശിക തുകയിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു. കഴിഞ്ഞ വർഷം 35576 രൂപ വസ്തുനികുതിയും ലൈബ്രറി സെസ്സിനത്തിൽ 1750 രൂപയുമാണ് ബാലൻസ് ഷീറ്റ് പ്രകാരം കളക്ട് ചെയ്യാൻ ബാക്കിയുണ്ടായിരുന്നത്. എന്നാൽ സഞ്ചയ പ്രകാരമുള്ള ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം വസ്തുനികുതി അരിയർ ഡിമാന്റായി കാണിച്ചിട്ടുള്ളത് 50943 രൂപയാണ്. ലൈബ്രറി സെസ്സിനത്തിൽ അരിയർ ഡിമാന്റായി കാണിച്ചത് 2650 രൂപയാണ്.
3. മറ്റ് വരവിനങ്ങളുടെ കൃത്യത പരിശോധിക്കാൻ മിസലേനിയസ് ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
4. സഞ്ചയപ്രകാരം വസ്തുനികുതി അഡ്വാൻസ് കളക്ഷൻ ഇനത്തിൽ 2168 രൂപ വരവുണ്ടെങ്കിലും വാർഷിക കണക്കിൽ ആർ.പി-36 ൽ ബന്ധപ്പെട്ട കളക്ഷൻ ശീർഷകത്തിൽ 350 രൂപയാണ് കാണിച്ചിട്ടുള്ളത്.
5. ലേലം രജിസ്റ്റർ പ്രകാരം 57450 രൂപ വരവുണ്ടെങ്കിലും റസീപ്റ്റ് & പേയ്മെന്റ്സ് സ്റ്റേറ്റ്മെന്റ് പ്രകാരം 31250 രൂപ വാഹനലേലത്തിലും മറ്റിനങ്ങളിൽ 1700 രൂപയും മാത്രമാണ് വരവ് കാണിച്ചിട്ടുള്ളത്
6. ബാലൻസ്ഷീറ്റിലെ ബി-11 ഷെഡ്യൂളുമായി താരതമ്യം ചെയ്യത്തക്ക രീതിയിൽ അസറ്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

7. പാർട്ട് ബിൽ ആയി നൽകുന്ന തുകകൾ കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി ഫൈനൽ ബിൽ നൽകുന്ന മുറയ്ക്ക് ആയത് ആസ്തിയിലേക്ക് വരവ് വെച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനുള്ള വർക്ക് ഷീറ്റ് തയ്യാറാക്കിയിട്ടില്ല.

8. ഡെപ്പോസിറ്റ് വർക്കുകൾക്ക് വേണ്ടി നിർവഹണ ഏജൻസികൾക്ക് (PWD ഇലക്ട്രിക്കൽ വിങ്ങിന്) തൻവർഷം നൽകിയ തുക റസീപ്റ്റ് & പേമെന്റ്സ് ആർ.പി-47 ലും ബാലൻസ് ഷീറ്റ് ബി -18 ഷെഡ്യൂളിലും ചേർത്തിട്ടില്ല.

9. തനത് ഫണ്ടിനൊപ്പം നിക്ഷേപിച്ച ഗ്രാന്റുകളുടെ കാര്യത്തിൽ ആയതിന്റെ വരവ് ചെലവുകൾ നിരീക്ഷിക്കാൻ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

10. സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും സ്റ്റോക്കിന്റെ വർഷാന്ത്യ കണക്കെടുപ്പ് നടത്തിയിട്ടില്ല. ബാലൻസ് ഷീറ്റിൽ സ്റ്റോക്ക് ഉൾപ്പെടുന്ന ബി-14 ഷെഡ്യൂൾ ഉൾപ്പെടുത്തിയിട്ടില്ല.

11. അവിവാഹിതരായ അമ്പത് വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകളുടെ പെൻഷൻ അക്കൗണ്ടിൽ 167500 രൂപയാണ് ചേർത്തിട്ടുള്ളത്. എന്നാൽ രജിസ്റ്റർ പ്രകാരം 227200 രൂപയാണ് ഈ ഇനത്തിൽ നൽകിയതായി കാണിച്ചിട്ടുള്ളത്.

പ്രസ്തുത സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത, വാർഷികധനകാര്യ പത്രികയുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ

1. ദുരിതാശ്വാസ നിധി അക്കൗണ്ട്(നം.3110) പാസ്സ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് 16380 ന് പകരം 16287 എന്ന് തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത് (പ്രോഗ്രസ്സീവ് ടോട്ടൽ രേഖപ്പെടുത്തിയത് തെറ്റായാണ്)
2. 2008-09 വർഷത്തെ ഓഡിറ്റ് ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള നഷ്ട തുക 2256/- രൂപ 117010104133/20.12.17 രശീതി പ്രകാരം അടവാക്കിയിട്ടുണ്ട്. എന്നാൽ മേൽ തുക വാർഷിക കണക്കിൽ ഓഡിറ്റ് റിക്കവറി ഇനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രശീതുകളുടെ ഉപയോഗത്തിലെ അപാകതകൾ

ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 19.06.2017 മുതൽ 20.10.2018 വരെയുള്ള സാഖ്യ/ മാന്വൽ കാഷ് രശീതുകളുടെ ഉപയോഗം പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. റദ്ദ് ചെയ്യുന്ന സാംഖ്യ രശീതുകളിൽ റദ്ദ് ചെയ്തതിന്റെ കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. റദ്ദ് ചെയ്യുന്ന സമയത്ത് കാരണം രേഖപ്പെടുത്തുന്നതിന് പരിമിതമായ സൗകര്യങ്ങൾ മാത്രമേ സോഫ്റ്റ്‌വെയറിൽ നിലവിലുള്ളൂ എന്ന സാഹചര്യം മുൻ നിർത്തി യഥാർത്ഥ കാരണം രേഖപ്പെടുത്തി സെക്രട്ടറി രശീത് റദ്ദ് ചെയ്യാത്തത് അവ്യക്തതക്ക് കാരണമാകുന്നു. ഉദാ: 24.07.2017 തീയതിയിലെ 117010100879 നമ്പർ സാംഖ്യ രശീതി (കുഞ്ഞമ്മദ്, പൂവലോറ കുന്ന്)

2. 28.07.2017 തീയതിയിലെ 117010101009 നമ്പറായുള്ള ശ്രീ. രാജീവൻ എന്നവരുടെ രശീത് "ഇരട്ട കലക്ഷൻ " എന്ന കാരണം രേഖപ്പെടുത്തി (എഴുതി സാക്ഷ്യപ്പെടുത്തിയത് ) റദ്ദ് ചെയ്തതായി കാണുന്നു. സാംഖ്യ-സഞ്ചയ സോഫ്റ്റ്‌വെയറുകൾ തമ്മിൽ സംയോജനം നടത്തിയ സാഹചര്യത്തിൽ സാംഖ്യ രശീത് മുഖേനയുള്ള പിരിവ് സഞ്ചയ ഡിമാന്റ് രജിസ്റ്ററിൽ പോസ്റ്റ് ചെയ്യപ്പെടുകയും സഞ്ചയയിൽ ഡിമാന്റ് " 0 ” കാണിക്കുകയും ചെയ്യുന്നതാണ്. ഫീൽഡ് കളക്ഷൻ പ്രകാരമുള്ള മാന്വൽ രശീതുകൾ സഞ്ചയയിൽ പോസ്റ്റ് ചെയ്യുന്ന മുറക്ക് ഡിമാന്റ് " 0 ” ആയി മാറുന്നതും തൻവർഷത്തേക്ക് അധിക തുക പിരിവെടുക്കുന്നത് തടയപ്പെടുകയും ചെയ്യുന്നതാണ്. എന്നാൽ മേൽ രശീത് പ്രകാരം ഇരട്ട കളക്ഷൻ എടുത്തത് രശീത് പോസ്റ്റിംഗിൽ കാലതാമസമുണ്ടാകുന്നുണ്ടെന്നത് വ്യക്തമാകുന്നു.

3. രശീതുകൾ കാരണം കൂടാതെ റദ്ദ് ചെയ്യുന്ന പ്രവണത ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. 31.07.2018 ലെ 1180100101213 നമ്പറായുള്ള രശീതി(ദ്രിബിന എന്നവർക്ക് അനുവദിച്ചത് ) , രശീതി തുകയിലെ അപാകതയെന്ന കാരണം രേഖപ്പെടുത്തി റദ്ദ് ചെയ്തതായി കാണുന്നു. പകരം അന്നേ തീയതിയിൽ തന്നെ 118010101219 നമ്പർ രശീതി അനുവദിച്ചതായും കാണുന്നുണ്ട്. എന്നാൽ റദ്ദ് ചെയ്ത രശീതിയും പകരം അനുവദിച്ച രശീതുകളും തമ്മിൽ വ്യത്യാസങ്ങളൊന്നും ഇല്ല. മേൽ സാഹചര്യത്തിൽ റദ്ദ് ചെയ്തതിന്റെ കാരണം വ്യക്തമാക്കുന്നതിന് ഓഡിറ്റ് അന്വേഷണ കുറിപ്പിലൂടെ ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

4. ഫീൽഡ് തല കളക്ഷൻ, ജനസേവന കേന്ദ്രം കളക്ഷൻ എന്നിവയുടെ കൃത്യത മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തുകയോ മേൽ ചുമതല നിർവ്വഹിക്കുന്നതിന് ഓഫീസ് ഉത്തരവ് മുഖേന ഏതെങ്കിലും ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയത് അറിയിക്കുന്നതിന് ഓഡിറ്റ് അന്വേഷണ കുറിപ്പ് മുഖേന ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. എന്നാൽ ഫീൽഡ് കളക്ഷൻ സ്റ്റാഫിന്റെ കളക്ഷൻ രജിസ്റ്റർ , ഡേ ബുക്ക് എന്നിവ പരിശോധിച്ചതിൽ ഇത്തരത്തിലുള്ള ഏതെങ്കിലും പരിശോധന നടന്നതായി കാണുന്നില്ല.

സ്ഥാപന തലത്തിൽ സ്വീകരിക്കേണ്ട പരിഹാര നടപടികൾ

- സാംഖ്യ രശീതുകൾ റദ്ദ് ചെയ്യുമ്പോൾ റദ്ദ് ചെയ്തതിന്റെ കാരണം കൃത്യമായി

ചേർക്കേണ്ടതും സോഫ്റ്റ്വെയറിൽ പരിമിതികളുണ്ടെങ്കിൽ കാരണം മാന്വലായി രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. റദ്ദ് ചെയ്യുന്ന രശീതുകളുടെ റിപ്പോർട്ട് അതത് ദിവസം തന്നെ പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

- അതത് ദിവസത്തെ കളക്ഷനുകൾ പരിശോധിച്ച് കൃത്യത ഉറപ്പ് വരുത്തുന്നതിന് സൂപ്പർവൈസറി തസ്തികയിലുള്ള ഒരു ജീവനക്കാരനെ ചുമതലപ്പെടുത്തി അടവാക്കലിന്റെ കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്.

## 2-2 തൊഴിൽ നികുതി-അപാകതകൾ

2017-18 വർഷത്തിൽ തൊഴിൽ നികുതി പരിശോധനയുടെ ഭാഗമായി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

- പഞ്ചായത്തിലെ ഡി & ഒ ലൈസൻസ് പ്രകാരം 2017-18 വർഷത്തിൽ 277 വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ 2017-18 വർഷത്തിൽ 262 കച്ചവടക്കാരിൽ നിന്നു മാത്രമേ തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളൂ. കച്ചവടക്കാർക്ക് 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി ) ചട്ടങ്ങൾ ചട്ടം 10 പ്രകാരമുള്ള ഫോറം 4 ൽ നോട്ടീസ് നൽകുകയോ റിട്ടേൺ വാങ്ങുകയോ ചെയ്തിട്ടില്ല. ഡി & ഒ ലൈസൻസ് അനുവദിച്ച മുഴുവൻ കച്ചവടക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിൽ സ്ഥാപനം ശ്രദ്ധ ചെലുത്തിയിട്ടില്ല.

- ഒന്നോ അതിലധികമോ ജീവനക്കാരുള്ള സ്ഥാപനങ്ങളുടെ ഉടമകൾക്ക് റിട്ടേണുകൾ ലഭ്യമാക്കി നോട്ടീസ് നൽകി തൊഴിൽ നികുതിയുടെ വരുമാന പരിധിയിൽ ഉൾപ്പെടുന്നവ ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല. ഉദാ -: ഓക്സിജൻ ഡെയ്‌ലി സൂപ്പർമാർക്കറ്റ്, (6 ജീവനക്കാർ) ക്യൂ-മാർട്ട് (3 ജീവനക്കാർ).

- പഞ്ചായത്ത് പരിധിയിൽ താമസിച്ച് കെട്ടിടങ്ങൾ വാടകക്ക് നൽകി തൊഴിലിൽ ഏർപ്പെട്ട് വരുമാനം ആർജ്ജിക്കുന്നവരിൽ നിന്നും സ്ഥാപനം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഉദാ- ക്യൂ-മാർട്ട് എന്ന സ്ഥാപനം പ്രവർത്തിക്കുന്നത് പ്രസിഡണ്ട്, ,പാറക്കൽ ജുമാ മസ്ജിദ് മഹല്ലു കമ്മിറ്റി എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ്, വാടക ഉടമ്പടി കരാർ പ്രകാരം 12500 രൂപയാണ് മേൽ കെട്ടിടത്തിന്റെ ഒരു മാസത്തെ വാടക. എന്നാൽ ഇത്തരത്തിൽ തൊഴിലിലേർപ്പെട്ട് വരുമാനമുണ്ടാക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നോട്ടീസ് നൽകിയതായി കാണുന്നില്ല.

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205 ബി മുതൽ 205 എഫ് വരെയുള്ള നടപടിക്രമങ്ങൾ പാലിച്ച് തൊഴിലുടമകൾ, കെട്ടിട ഉടമകൾ, ആഫീസ് മേധാവികൾ

എന്നിവരോട് വിവരങ്ങളും രേഖകളും ആവശ്യപ്പെടുന്നതിലുണ്ടായ വീഴ്ചയാണ് [1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ] പരിധിയിൽ വരുന്ന മുഴുവൻ വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് സ്ഥാപനത്തിന് കഴിയാതെ പോയതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

സ്ഥാപന തലത്തിൽ സ്വീകരിക്കേണ്ട പരിഹാര നടപടികൾ

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205 ബി മുതൽ 205 എഫ് വരെയും സെക്ഷൻ 204-(1) പ്രകാരവുമുള്ള നടപടിക്രമങ്ങൾ ഉറപ്പ് വരുത്തി ഡിമാന്റ് പൂർണ്ണമാക്കേണ്ടതാണ്.

## 2-3 ഡി & ഒ ലൈസൻസ്

2017-18 വർഷത്തിൽ ഡി&ഒ ലൈസൻസിന്റെ വരവുമായി ബന്ധപ്പെട്ട പരിശോധനയുടെ ഭാഗമായി ഡിമാന്റ് രജിസ്റ്റർ, ലൈസൻസിനുള്ള അപേക്ഷകൾ വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

1. 2017-18 വർഷത്തെ ഡി & ഒ ലൈസൻസ് രജിസ്റ്റർ പൂർണ്ണമല്ല ( ഉദാ:- ക്രമ നമ്പർ 41-43 വരെയും 175- 180 വരെയുമുള്ള രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്). രേഖപ്പെടുത്തലുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല.
2. രജിസ്റ്റർ പ്രകാരമുള്ളതും ഫീസ് അടവാക്കിയതുമായ 106 പേർക്ക് (രജിസ്റ്ററിലെ ക്രമനമ്പർ 172 മുതൽ 277 വരെ) ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല. അപാകത വിശദീകരിക്കേണ്ടതാണ്.
3. അപേക്ഷയിൽ കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടത്തിന്റെ നമ്പർ സഞ്ചയ സോഫ്റ്റ്‌വെയറുമായി ഒത്ത് നോക്കിയതിൽ കെട്ടിടം നിലവിലില്ലാത്തതായും, ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയ ഉപയോഗ ക്രമത്തിന് വിരുദ്ധമായി ഉപയോഗിക്കുന്നതായും കാണുന്നു. ഉദാ:- 9/133 ജെ, 9/133 കെ എന്നീ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഷിഫ പോളിക്ലിനിക്ക് എന്ന സ്ഥാപനത്തിന്റെ സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ള ഉപയോഗ ക്രമം വാണിജ്യാവശ്യത്തിനാണ്. ഉദാ-2 അസീസ്.ടി.പി. അത്തിയോട്ടുമ്മൽ, തിരുവള്ളൂർ എന്നവരുടെ ഉടമസ്ഥതയിലുള്ള എസ്.ആർ.ഹെൽത്ത് ക്ലിനിക്ക് എന്ന സ്ഥാപനത്തിന്റെ ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള 12/412.B നമ്പർ കെട്ടിടം സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല.
4. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം വാണിജ്യാവശ്യങ്ങൾക്കുള്ള 1334 കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിലുണ്ട്. 2016-17 വർഷത്തിലെ ലൈസൻസ് രജിസ്റ്റർ പ്രകാരം 274 പേർ ലൈസൻസെടുത്തിട്ടുണ്ട്. 2017-18 ൽ ഇത് 277 ആണ്. എന്നാൽ 2017-18 ൽ

ലൈസൻസെടുത്ത 277 പേരിൽ 32 പേർ തൻവർഷം ആരംഭിച്ച വാണിജ്യ സ്ഥാപനങ്ങൾക്കാണ്. അതായത് 2016-17 ൽ ലൈസൻസെടുത്ത 274 പേരിൽ 245 പേർ മാത്രമേ 2017-18ൽ ലൈസൻസ് പുതുക്കിയിട്ടുള്ളൂ എന്നും 29 പേർ ലൈസൻസ് പുതുക്കിയിട്ടില്ലെന്നതും വ്യക്തമാണ്. മേൽ പരാമർശിച്ച 29 സ്ഥാപനങ്ങളുടെ തൽസ്ഥിതി വ്യക്തമാക്കുന്നതിനാവശ്യപ്പെട്ടും വിശദാംശങ്ങൾ ആവശ്യപ്പെട്ടും നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

സെക്രട്ടറി 2017-18 വർഷത്തിൽ ലഭിച്ച അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തുകയോ, അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങളുടെ ആധികാരികത പരിശോധിക്കുകയോ ചെയ്യുന്നില്ലെന്ന് മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടുണ്ട്. രജിസ്റ്ററുകൾ പൂർണ്ണമാക്കാത്തതും ലൈസൻസ് സാക്ഷ്യപത്രങ്ങൾ യഥാസമയം അനുവദിച്ച് നൽകാത്തതും പ്രധാന പോരായ്മയാണ്.

സ്ഥാപന തലത്തിൽ സ്വീകരിക്കേണ്ട പരിഹാര നടപടികൾ

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205.ബി പ്രകാരം (തൊഴിൽ നികുതി) വാണിജ്യ-വ്യവസായാവശ്യങ്ങൾക്കുള്ള 1334 കെട്ടിടങ്ങളുടെ ഉടമകൾക്കും നോട്ടീസ് നൽകി വിവരശേഖരണം നടത്തിയും , ഫീൽഡ് തല അന്വേഷണത്തിലൂടെയും ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും, 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു എന്നത് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 2-4 വസ്തു നികുതി- അപാകതകൾ

2017-18 വർഷത്തിൽ വസ്തുനികുതി കുടിശ്ശിക രഹിതമായി പിരിച്ചെടുക്കുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടുണ്ട്. വസ്തു നികുതി പരിഷ്കരണം, നികുതി നിർണ്ണയം എന്നിവയുമായി ബന്ധപ്പെട്ട് ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 24.02.2015 തീയതിയിലെ 36/2015/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം (എസ്.ആർ.ഒ 100/2015) ഭേദഗതി ചെയ്യപ്പെട്ട നികുതി നിരക്കുകൾ പഞ്ചായത്ത് നിശ്ചയിക്കുകയോ വിജ്ഞാപനം പുറപ്പെടുവിക്കുകയോ ചെയ്തിട്ടില്ല. എന്നാൽ വിവിധ ഉപയോഗക്രമങ്ങൾക്കുള്ള കെട്ടിടങ്ങളുടെ ഉപവിഭാഗങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള നികുതി നിരക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിട്ടുണ്ട്.
2. സ്ഥാപനം വസ്തുനികുതി ഇ-പേമെന്റായി അടവാക്കുന്നതിനുള്ള സൗകര്യം സഞ്ചയ

സോഫ്റ്റ്‌വെയർ മുഖേന ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും 2017-18 വർഷത്തിൽ വളരെകുറച്ചുപേർ മാത്രമേ മേൽ സേവനം പ്രയോജനപ്പെടുത്തിയിട്ടുള്ളൂ.. മേൽ സൗകര്യം ഏർപ്പെടുത്തിയത് സംബന്ധിച്ച് നികുതിദായകരിൽ പ്രചരണം നടത്തുന്നതിന് സ്ഥാപനത്തിന് സാധിക്കാത്തതാണ് മേൽ അപാകതക്ക് കാരണമായത്.

3. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 20 പ്രകാരമുള്ള അനധികൃത കെട്ടിടങ്ങളെ സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടെങ്കിലും മേൽ കെട്ടിടങ്ങളുടെ ഉടമകളിൽ നിന്നും 3 മടങ്ങ് നികുതി ഈടാക്കുകയോ, മേൽ കെട്ടിടങ്ങളെ സംബന്ധിച്ച വിവരങ്ങൾ സഞ്ചയയിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

4. 14.01.2011 മുതൽ 31.03.2013 കാലയളവിൽ (2010-11 ൽ, പുതിയ നികുതിദായകർ ) 2/614.ഡി നമ്പറായി തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച ശ്രീ.ഹമീദ് കുഴിച്ചാലിൽ എന്നവരുടെ കെട്ടിടത്തിന്റെ വിശദാംശം സഞ്ചയയിൽ രേഖപ്പെടുത്തിയപ്പോൾ പഴയ നികുതി ദായകർ എന്ന നിലയിൽ പരിഗണിച്ച് വസ്തുനികുതിയിലെ വർദ്ധനവ് 25 ശതമാനത്തിൽ പരിമിതപ്പെടുത്തിയതായി കാണുന്നു. (പഴയ നികുതി- 584, പുതിയത് 730). തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച കെട്ടിടത്തിന്റെ നികുതി ARV അടിസ്ഥാനത്തിൽ നിശ്ചയിച്ചതായാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. 14.01.2011 മുതൽ 31.03.2013 കാലയളവിൽ തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയം നടത്തിയ മുഴുവൻ കെട്ടിടങ്ങളുടേയും സഞ്ചയ സോഫ്റ്റ്‌വെയറിലുള്ള രേഖപ്പെടുത്തൽ പരിശോധിച്ച് ഇത്തരത്തിൽ അപാകതയുള്ളതും നികുതി പരിമിതപ്പെടുത്തിയതുമായ കെട്ടിടങ്ങളുടെ നികുതി പുനപരിശോധിക്കേണ്ടതാണ്.

5. 2017-18 വർഷത്തിൽ വാർഷിക കണക്കിലെ ബാലൻസ് ഷീറ്റിലെ ബി-9 പട്ടികയിൽ ബാധ്യതയായി രേഖപ്പെത്തിയിട്ടുള്ള വസ്തു നികുതി മുൻകൂർ പിരിവ് തുക175871 രൂപ തുടർ വർഷങ്ങളിൽ ഏതെല്ലാം ഡിമാന്റുകളിലേക്ക് പൊരുത്തപ്പെടുത്തേണ്ടവയാണെന്നത് സംബന്ധിച്ച റിപ്പോർട്ട് സഞ്ചയയിൽ ലഭ്യമല്ല. മേൽ തുകയിൽ 144/2015, 358/2015 നമ്പർ ഉത്തരവുകളിലൂടെ നികുതി ഒഴിവാക്കി നൽകിയതും മുൻകൂർ പിരിവെടുത്തതിൽ മേൽ കെട്ടിട ഉടമകൾക്ക് തിരിച്ച് നൽകേണ്ടതുമായ തുക സംബന്ധിച്ച് സ്ഥാപനത്തിൽ കൃത്യമായ കണക്കുകൾ സൂക്ഷിച്ചിട്ടില്ല.

6. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം.2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ

ആകെ വിസ്തീർണം ആകുന്നു. ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ചട്ടം 4(1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തുനികുതി ചുമത്തേണ്ടതുമാണ് എന്നാണ് നിഷ്കർഷിക്കുന്നത്. എന്നാൽ ചട്ടം 4(1)ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ ഒരൊറ്റ ഉപയോഗ ക്രമത്തിലുള്ളതും ഒരാളുടെ മാത്രം ഉടമസ്ഥതയിലുള്ളതുമായ കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കിയാണ് നികുതി നിർണയിക്കുന്നത്. ഇതു കാരണം ബഹുനില കെട്ടിടങ്ങളിൽ നിന്നു പോലും 100 ചതുരശ്രമീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലേ നികുതി പിരിക്കാൻ സാധിക്കുന്നുള്ളൂ. കൂടാതെ 250 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിക്കുമ്പോൾ 2013 ലെ വസ്തു നികുതി ഭേദഗതി ചട്ടത്തിലെ (സ.ഉ.(അച്ചടി).നം.88/2013/ത.സ്വ.ഭ.വ തീയതി.13.03.2013) ആറാം പട്ടിക പ്രകാരം അവയുടെ തറനിർമിതിക്ക് ഇറ്റാലിയൻ മാർബിളോ ഗ്രാനൈറ്റോ പോലുള്ള വസ്തുക്കൾ ഉപയോഗിച്ചിട്ടുണ്ടെങ്കിൽ അടിസ്ഥാന വസ്തു നികുതിയിൻ മേൽ വരുത്തേണ്ട15% വർദ്ധനയും വരുത്താൻ സാധിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ 100 ച.മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 40/- രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ച.മീറ്ററിനു 50/- രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. ഒരൊറ്റ ഉപയോഗക്രമമുള്ള കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി നികുതി നിർണയിക്കുന്നതിലൂടെ ഗ്രാമപഞ്ചായത്തിനു വസ്തുനികുതിയിനത്തിൽ നഷ്ടമുണ്ടായിട്ടുണ്ട്.ഒരു ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം/ കെട്ടിട നമ്പർ/ ഉപയോഗ ക്രമം | ഉടമസ്ഥന്റെ പേര് | പൂർത്തീകരണ സാക്ഷ്യപത്രപ്രകാരമുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീ.) | ബാധകമായ വസ്തുനികുതി നിരക്ക് / ഉപയോഗ ക്രമം | ഇടാക്കേണ്ടിയിരുന്ന വസ്തു നികുതി. | സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയ ഉപയോഗ ക്രമം, നിരക്ക് | ഈടാക്കിയ നികുതി | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|---|

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | |
| 1 | 11/386 എ മുതൽ എച്ച് വരെ, | റൈഹാനത്ത്, കീരിയോട്ട്, തൗബയിൽ | 519 ച.മീ, | 50/ 100 ച.മീ ന് മുകളി ലുള്ള വാണി ജ്യാവശ്യം | അടിസ്ഥാന വസ്തുനികുതി- 25950 വർദ്ധനവ്- (+20%, വഴി) ഇളവ്- (-10%, മേഖല) ആകെ-28545 | 40/ 100 ച.മീ വരെയുള്ള വാണി ജ്യാവശ്യം, (398.96 ച.മീ ന് മാത്രം.) | 19145 | 9400 |
| ആകെ | | | | | | | | | 9400 |

മേൽ കെട്ടിടത്തിന്റെ 120.04 ച.മീ കെട്ടിടത്തിന്റെ ഭൂ നിരപ്പ് നിലയിൽ പാർക്കിംഗ് എന്ന് രേഖപ്പെടുത്തി വസ്തു നികുതി പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. 31.10.2018 ന് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഓഡിറ്റ് സൈറ്റ് പരിശോധന നടത്തിയതിൽ നാല് ഭാഗവും അടച്ചുറപ്പിച്ചതും, പ്ലാൻ പ്രകാരം പാർക്കിംഗ് ഏരിയ ആയി കാണിച്ചിട്ടുള്ളതുമായ ഭാഗം, സ്ഥാപനം തട്ടുകൾ നിർമ്മിച്ച് വാടക സാധനങ്ങളുടെ സംഭരണ കേന്ദ്രം ആയി ഉപയോഗിക്കുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്.

സ്ഥാപന തലത്തിൽ സ്വീകരിക്കേണ്ട പരിഹാര നടപടികൾ

- കെട്ടിടത്തിന് ബാധകമായ ഉപയോഗക്രമവും നികുതി നിരക്കും തെറ്റായി രേഖപ്പെടുത്തിയത് മൂലം ഗ്രാമപഞ്ചായത്തിന് വസ്തു നികുതിയിനത്തിൽ നഷ്ടമുണ്ടായിട്ടുണ്ട്. ചട്ടവിരുദ്ധമായി ഒരേ ഉപയോഗക്രമത്തിനുള്ള കെട്ടിടങ്ങൾക്ക് വ്യത്യസ്ത നമ്പറുകൾ അനുവദിക്കുമ്പോൾ ഒരു കെട്ടിടം എന്ന രീതിയിൽ പരിഗണിക്കാതെ ഒരോ കെട്ടിടനമ്പറിനും ബാധകമായ വിസ്തീർണ്ണത്തിനനുസരിച്ചാണ് ഉപയോഗക്രമവും നികുതി നിരക്കും നിശ്ചയിക്കുന്നത്. പ്രായോഗിക പ്രശ്നങ്ങളെ മുൻനിർത്തി ഇപ്രകാരം ഒരു ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പറുകൾ നൽകുമ്പോൾ ഉപയോഗക്രമം മുഴുവൻ കെട്ടിടത്തിന് ബാധകമായ രീതിയിൽ കണക്കാക്കി സഞ്ചയയിൽ രേഖപ്പെടുത്തേണ്ടതാണ്. ഇപ്രകാരം തെറ്റായ രീതിയിൽ ഉപയോഗക്രമം

രേഖപ്പെടുത്തി വസ്തുനികുതി പരിഷ്കരണം നടത്തിയ മുഴുവൻ കെട്ടിടങ്ങളുടെയും നികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

- റൈഹാനത്ത്, കീരിയോട്ട്, തൗബയിൽ എന്നവരുടെ ഉടമസ്ഥതയിലുള്ളതും 11/386 എ മുതൽ എച്ച് വരെ നമ്പർ അനുവദിച്ചിട്ടുള്ളതുമായ കെട്ടിടത്തിന്റെ പാർക്കിംഗ് ഏരിയ ആയി കാണിച്ചിട്ടുള്ളതും നിലവിൽ സാധനങ്ങൾ സംഭരിച്ച് സൂക്ഷിക്കുന്നതും വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയതുമായ 120.04 ച.മീ ഉൾപ്പെടെയുള്ള തറവിസ്തീർണ്ണത്തിന് 50 രൂപ നിരക്കിൽ നികുതി പുനർ നിർണ്ണയിക്കേണ്ടതും പാർക്കിംഗ് ഏരിയ രേഖപ്പെടുത്തി റിവൈസ്ഡ് കംപ്ലീഷൻ പ്ലാൻ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകേണ്ടതുമാണ്.
- 24.02.2015 തീയതിയിലെ 36/2015/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം നികുതി നിരക്കുകൾ ഭരണസമിതി നിശ്ചയിച്ച് വിജ്ഞാപനം ചെയ്യേണ്ടതാണ്.
- വസ്തുനികുതി ഇ-പേയ്മെന്റ് സൗകര്യം ഏർപ്പെടുത്തിയത് സംബന്ധിച്ച് പൊതുജനങ്ങളിൽ പ്രചരണം നടത്തേണ്ടതാണ്.
- 2017-18 വർഷത്തിൽ വാർഷിക കണക്കിലെ ബാലൻസ് ഷീറ്റിലെ ബി-9 പട്ടികയിൽ ബാധ്യതയായി രേഖപ്പെുത്തിയിട്ടുള്ള വസ്തു നികുതി മുൻകൂർ പിരിവ് തുകയായ 175871 രൂപയിൽ തിരിച്ച് നൽകേണ്ടതും (നികുതി ഒഴിവാക്കിയ കെട്ടിടങ്ങൾ ഡിമാന്റ് ചെയ്ത് നികുതി ഈടാക്കിയതും നിലവിൽ നികുതിയില്ലാത്ത കെട്ടിടങ്ങളുടെ മുൻകൂർ കളക്ഷനം) തുടർ വർഷങ്ങളിലേക്ക് അഡ്ജസ്റ്റ് ചെയ്യേണ്ടതുമായ ഡിമാന്റുകൾ വേർതിരിച്ച് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 2-5 ബിൽഡിംഗ് പെർമിറ്റ്-അപാകതകൾ

2017-18 വർഷത്തിൽ ബിൽഡിംഗ് പെർമിറ്റ്, കംപ്ലീഷൻ, ക്രമവത്കരണം, പെർമിറ്റ് പുതുക്കൽ എന്നിവയുമായി ബന്ധപ്പെട്ട് സ്ഥാപനത്തിൽ ലഭിച്ചിട്ടുള്ള അപേക്ഷകൾ, ബിൽഡിംഗ് പെർമിറ്റ് അപേക്ഷാ രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 2011 ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് ചട്ടങ്ങളുമായി ബന്ധപ്പെട്ട് 2017-18 വർഷത്തിൽ ലഭിച്ച അപേക്ഷകളുടെ വിശദാംശം പട്ടികയിൽ ചേർക്കുന്നു.

| ഇനം | ലഭിച്ച അപേക്ഷകൾ | അനുവദിച്ചത് | നിരസിച്ചത് | തീർപ്പാകാതെ അവശേഷിക്കുന്നത് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| പെർമിറ്റ്/ കംപ്ലീഷൻ | 185 | 136 | 10 | 39 |
| ക്രമ വത്കരണം | 163 | 104 | 3 | 56 |
| ആകെ | 348 | 240 | 13 | 95 |

മേൽ പട്ടികയിലെ വിവരങ്ങൾ വിശകലനം ചെയ്തതിൽ താഴെ പറയുന്ന അപാകതകൾ സ്ഥാപനത്തിൽ നിലനിൽക്കുന്നു.

- 2017-18 ൽ ആകെ ലഭിച്ച 348 അപേക്ഷകളിൽ 163 എണ്ണവും ക്രമ വത്കരണത്തിനുള്ളതാണ്. 2011 ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂളിലെ, ചട്ടം 138 ൽ കെട്ടിടങ്ങളുടെ ക്രമവത്കരണം നടത്തുന്നതിന് സെക്രട്ടറിക്കുള്ള അധികാരങ്ങൾ വ്യക്തമാക്കുന്നതിനൊപ്പം അനധികൃത കെട്ടിട നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തടയുന്നതിൽ സെക്രട്ടറിക്ക് ചട്ട പ്രകാരമുള്ള ഉത്തരവാദിത്തം ഒഴിവാക്കപ്പെടുന്നില്ലെന്നത് വ്യക്തമായി പരാമർശിക്കുന്നുണ്ട്. എന്നാൽ മേൽ ഉത്തരവാദിത്തം നിർവ്വഹിക്കുന്നതിൽ സെക്രട്ടറി വീഴ്ച വരുത്തി എന്നാണ് ഈ ഇനത്തിൽ ലഭ്യമാവുന്ന അപേക്ഷകളുടെ എണ്ണം സൂചിപ്പിക്കുന്നത്. ചട്ടം 137 (3) പ്രകാരം ക്രമവത്കരണത്തിന് പ്രത്യേകം രജിസ്റ്റർ തയ്യാറാക്കി പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണം പ്രത്യേകം നിരീക്ഷിച്ചിട്ടില്ല. ക്രമവത്കരണത്തിനുള്ള 3 അപേക്ഷകൾ സ്ഥാപനം നിരസിച്ചിട്ടുണ്ട്. എന്നാൽ മേൽ അപേക്ഷകളിന്മേൽ ചട്ടം 138 പ്രകാരമുള്ള നടപടികളൊന്നും സ്ഥാപനം കൈക്കൊണ്ടിട്ടില്ല.

2. ബിൽഡിംഗ് അപേക്ഷാ രജിസ്റ്ററിലെ മുഴുവൻ കോളങ്ങളിലും (പ്രത്യേകിച്ച് 7,8,9,10,11, 12,13, 14,15, 16, 17 19,20,22,23 എന്നിവ) രേഖപ്പെടുത്തൽ വരുത്തുന്നില്ല. എഫ്.എ.ആർ, വിസ്തീർണ്ണം, കെട്ടിട നമ്പർ തുടങ്ങിയ പ്രധാന കോളങ്ങൾ പോലും രേഖപ്പെടുത്തൽ വരുത്തുന്നില്ല.

3. ഓരോ വർഷത്തെയും ബിൽഡിംഗ് പെർമിറ്റ് അപേക്ഷാ രജിസ്റ്റർ പ്രകാരമുള്ള കുടിശ്ശിക അപേക്ഷകൾ അടുത്ത വർഷത്തെ രജിസ്റ്ററിലേക്ക് മുന്നിരിപ്പായി ചേർക്കുന്നതായി കാണുന്നില്ല. കെട്ടിടങ്ങളുടെ നിർമ്മാണ പൂർത്തീകരണം നിരീക്ഷിക്കുന്നതിനും കാലപരിധി പിന്നിട്ട പെർമിറ്റുകൾ നിരീക്ഷിക്കുന്നതിനും ബദൽ സംവിധാനങ്ങളൊന്നും നിലവിലില്ലാത്തതിനാൽ പെർമിറ്റെടുത്ത കെട്ടിടങ്ങളുടെ നിർമ്മാണ പൂർത്തീകരണം നിരീക്ഷിക്കുന്നതിൽ വീഴ്ച ഉണ്ടാവുകയും കാലാവധി കഴിഞ്ഞ പെർമിറ്റുകളെ തിരിച്ചറിയുന്നതിനും സ്ഥാപനത്തിന്

സാധിക്കാതെ വരുന്നു.

4. അപാകത പരിഹരിക്കുന്നതിന് അപേക്ഷകന് നോട്ടീസ് നൽകിയതും അപേക്ഷകനിൽ നിന്നും മറുപടി ലഭിക്കാത്തതുമായ അപേക്ഷകൾ തീർപ്പാക്കാതെ തുടരുന്ന പ്രവണത സ്ഥാപനത്തിൽ നിലവിലുണ്ട്. രേഖകൾ ഹാജരാക്കുന്നതിനുള്ള സമയ പരിധി പിന്നിട്ട സാഹചര്യത്തിലും അപേക്ഷകൾ തീർപ്പാക്കാതെ തുടരുന്ന പ്രവണത മൂലം കുടിശ്ശിക വർദ്ധിക്കുകയും അപേക്ഷകൾ നിരീക്ഷിക്കുന്നതിന് സ്ഥാപനത്തിന് സാധിക്കാതെ വരികയും ചെയ്യുന്നു.

5. 2008 ലെ കേരള തണ്ണീർത്തട സംരക്ഷണ നിയമത്തിലെ സെക്ഷൻ 5(3) ൽ പ്രാദേശിക തല നിരീക്ഷണ സമിതികളുടെ അധികാരങ്ങളെ കുറിച്ച് വ്യക്തമാക്കുന്നുണ്ട്.ആയത് പ്രകാരം പാർപ്പിടാവശ്യത്തിന് നെൽവയൽ രൂപാന്തരപ്പെടുത്തിയത് ക്രമവത്കരിക്കുന്നതിന് ശുപാർശ നൽകുന്നതിനുള്ള അധികാരം സമിതിക്കുണ്ട്. എന്നാൽ വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളും ഇത്തരത്തിൽ ക്രമവത്കരിക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നതായി കാണുന്നു.

അപാകതകൾക്ക് വിശദമായ മറുപടി ലഭ്യമാക്കേണ്ടതും സ്ഥാപന തലത്തിൽ സ്വീകരിക്കേണ്ട പരിഹാര നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

## 2-6 ബജറ്റ്- നടപടിക്രമങ്ങൾ പാലിക്കുന്നില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടി തയ്യാറാക്കിയ ബഡ്ജറ്റ് മാന്വൽ 02.12.2016 തീയതിയിലെ G.O.(Rt.)3291/2016 നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ആയതിനാൽ 2017-18 വർഷത്തേക്കുള്ള ബഡ്ജറ്റ് തയ്യാറാക്കേണ്ടിയിരുന്നത് 1994 ലെ കേരളപഞ്ചായത്ത് രാജ് ചട്ടം -214, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഡ്ജറ്റ് മാന്വലിലെ നിർദ്ദേശങ്ങൾ എന്നിവക്കനുസരിച്ചായിരുന്നു. ആയത് പാലിക്കപ്പെട്ടില്ല.

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത നികുതി വരുമാനം 3600000 രൂപയാണ്.എന്നാൽ വാർഷിക കണക്ക് പ്രകാരം 2560876 രൂപ മാത്രമാണ് ഈ ഇനത്തിലുള്ള വരവ്. ബജറ്റ് വാർഷിക കണക്കുകളുമായി 1039124 രൂപയുടെ അന്തരം കാണിക്കുന്നുണ്ട്. 2017-18 ലെ വസ്തുനികുതി ഡിമാന്റിൽ മുൻകൂർ കളക്ഷൻ നടന്നിട്ടുള്ള സാഹചര്യത്തിൽ 2017-18 വർഷത്തിൽ വരവിൽ കുറവുണ്ടാകാനിടയുണ്ടെന്ന വസ്തുത ബജറ്റ് രൂപീകരണ വേളയിൽ പരിഗണിക്കപ്പെട്ടിട്ടില്ല.

മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1. സാംഖ്യ വാർഷിക റിപ്പോർട്ടിലെ ശീർഷകങ്ങൾ ഉൾകൊള്ളിച്ചിട്ടുണ്ടെങ്കിലും സമഗ്രമല്ല.

2.പദ്ധതി, പദ്ധതിയേതര ശുപാർശകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക്

സമർപ്പിക്കപ്പെട്ടിട്ടില്ല.

3.വിവിധ ഘടക സ്ഥാപനങ്ങളിലെ തലവന്മാരെ വിളിച്ച് ചേർത്ത് പദ്ധതിയേതര ശുപാർശകൾ തേടുന്നതിന് സെക്രട്ടറി മുൻകൈ എടുത്തിട്ടില്ല.
4. 1994 ലെ പഞ്ചായത്ത് രാജ് നിയമം, ചട്ടം 175 എന്നിവ പ്രകാരം തയ്യാറാക്കുന്ന വികസന പദ്ധതി ചെലവിനങ്ങൾ പൂർണ്ണമായും ബഡ്ജറ്റിൽ ഉൾകൊള്ളിച്ചിട്ടില്ല.

അപാകതകൾ ആവർത്തിക്കാതിരിക്കാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. ബജറ്റ് രൂപീകരണ പ്രക്രിയയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബജറ്റ് മാന്വലിലും പഞ്ചായത്ത് രാജ് ചട്ടങ്ങളിലും പരാമർശിക്കുന്ന നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2. ബജറ്റ് രൂപീകരണ പ്രക്രിയയിലെ വിവിധ ഘട്ടങ്ങളുടെ സമയക്രമപട്ടിക തയ്യാറാക്കി ആയത് പാലിക്കപ്പെടുന്നുണ്ടെന്ന് സെക്രട്ടറിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും നിരീക്ഷിക്കേണ്ടതാണ്

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 നിരപ്പം സ്റ്റേഡിയം- സ്ഥലം ഏറ്റെടുക്കൽ

*ഫയൽ നം- എ1- 393/98*

ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിൽ നിരപ്പം കുന്ന് മൈതാനത്ത് സ്റ്റേഡിയം നിർമ്മാണത്തിനായി 3 ഏക്കർ 29 $^1/_2$ സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിന് സർക്കാർ അനുവാദ പ്രകാരം ( ജി.ഒ.(ആർ.ടി) 1299/2000/ത.സ്വ.ഭ.വ , തിരു- 23.03.2000 ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൊയിലാണ്ടി സ്പെഷ്യൽ തഹസിൽദാർ പ്രസ്തുത ഭൂമിക്ക് അവാർഡ് പാസാക്കി ഏറ്റെടുക്കുന്നതിന് അവാർഡ് തുക 923909 ആവശ്യപ്പെടുകയും തുക മുഴുവനും 31.03.2003 ന് കൈമാറുകയും ചെയ്തിട്ടുണ്ട്. 21.05.2003 ലെ എൽ.എ കൊയിലാണ്ടി , താലൂക്ക് അവാർഡ് നം- 7/2003 ൽ സ്ഥലത്തിന്റെ അളവ് 3 ഏക്കർ 29 $^1/_2$ സെന്റിൽ നിന്നും 3.80133 എന്ന് റീ സർവ്വേയിൽ മാറ്റിയിട്ടുണ്ട് എന്ന് വ്യക്തമാക്കിയിട്ടുമുണ്ട്.

കൂടുതൽ തുക ആവശ്യപ്പെട്ട് ബഹു.കൊയിലാണ്ടി സബ് കോടതിയെ സമീപിച്ച സ്ഥലത്തിന്റെ അവകാശികൾക്ക് ബഹു. കോടതിയുടെ 20.10.2006 ലെ എൽ.എ.ആർ 4/ 04 എൽ.എ/5/04 ഉത്തരവിലൂടെ സെന്റിന് 3043 രൂപ നിരക്കിലും 30 % സ്വാന്തന പ്രതിഫലം, പലിശ എന്നിവ നൽകുവാൻ കോടതി ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

ഇതിനെതിരെ ബഹു.ഹൈക്കോടതിയെ പഞ്ചായത്ത് സമീപിച്ചെങ്കിലും കേസ്

തള്ളുകയാണുണ്ടായത്. ഗവൺമെന്റ് പ്ലീഡറോട് ബഹു.സുപ്രീം കോടതിയെ സമീപിക്കുന്നതുമായി ബന്ധപ്പെട്ട് അഭിപ്രായം ആരാഞ്ഞെങ്കിലും പലിശ ഇളവ് ചെയ്ത് കിട്ടാനിടയില്ലായെന്നും, എത്രയും വേഗം പണം അവകാശികൾക്ക് നൽകുവാനുമാണ് ഉപദേശം ലഭിച്ചത്.

ലാന്റ് അക്വിസിഷൻ സ്പെഷൽ തഹസിൽദാരുടെ 24.01.2018 ലെ കത്ത് പ്രകാരം 20.02.2018 വരെ അവകാശികൾക്ക് കൊടുക്കേണ്ട തുക 2256667 രൂപയാണ്.തുക കക്ഷികൾക്ക് നൽകുവാൻ താമസിക്കുന്തോറും ഓരോ ദിവസത്തിനും 15 ശതമാനം പലിശ നൽകേണ്ടി വരുമെന്നും ലാന്റ് അക്വിസിഷൻ സ്പെഷൽ തഹസിൽദാർ അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കേണ്ടതാണ്.

## 3-2 തനത് ഫണ്ട് നീക്കിയിരിപ്പ് കമ്മി.

ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 31.03.2018 തീയതിയിലെ തനത് ഫണ്ട് അക്കൗണ്ടുകളുടെ നീക്കിയിരിപ്പ് പരിശോധിച്ചതിൽ നീക്കിയിരിപ്പ് തുക മൈനസാണെന്ന് കാണുന്നു. മൂന്ന് അക്കൗണ്ടുകളിലായാണ് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് നിക്ഷേപിച്ചിരിക്കുന്നത്. മൂന്ന് അക്കൗണ്ടുകളിലുമായി 2453652 രൂപയാണ് 31.03.2018 തീയതിയിൽ നീക്കിയിരിപ്പുള്ളത്. വാർഷിക കണക്കിലെ ബി-4 സ്റ്റേറ്റ്മെന്റ് പ്രകാരം പ്രത്യേക അക്കൗണ്ടുകളിൽ പരിപാലിച്ചിട്ടില്ലാത്തതും തനത് വരുമാനമല്ലാത്തതുമായ 2246771 രൂപ തനത് ഫണ്ട് അക്കൗണ്ടുകളിൽ ഉൾപ്പെടുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

തനത് ഫണ്ട് അക്കൗണ്ടുകളിലെ നീക്കിയിരിപ്പിന്റെ വിശദാംശം

| അക്കൗണ്ട് വിശദാംശം | 31.03.2018 ലെ നീക്കിയിരിപ്പ് തുക |
|---|---|
| എസ്.ബി.ടി ഇ-പേമെന്റ്. | 7365 |
| എസ്.സി.ബി തനത് ഫണ്ട്. | 1782433 |
| ട്രഷറി ടി.എസ്.ബി | 663854 |
| ആകെ | 2453652 |

2017-18 വർഷത്തെ വാർഷിക കണക്കിലെ ബി-4 പത്രിക പ്രകാരം തനത് ഫണ്ടിൽ നിക്ഷേപിച്ച തനത് വരുമാനമല്ലാത്തതും തനത് ഫണ്ട് പോലെ ചെലവഴിക്കാൻ കഴിയാത്തതുമായ പ്രധാന ഇനങ്ങൾ .

| അക്കൗണ്ട് കോഡ്/ഇനം | തുക |
|---|---|
| 320100115, ടോട്ടൽ സാനിറ്റേഷൻ ക്യാംപെയ്ൻ, കേന്ദ്ര വിഹിതം | 403400 |
| 320100121, ഐ.സി.ഡി.എസ് | 596106 |
| 320100204, മൃഗ സംരക്ഷണം - ആസ്തി നിർമ്മാണത്തിനുള്ള മൂലധനം | 500000 |
| 320200399, പ്രത്യേക ആവശ്യങ്ങൾക്കുള്ള ഫണ്ട് (വ്യക്തതയില്ല ) | 12500 |
| 320300103, ടോട്ടൽ സാനിറ്റേഷൻ | 576700 |
| 320700105, സംയുക്ത പദ്ധതികൾക്കുള്ള ജില്ലാ പഞ്ചായത്ത് വിഹിതം | 158065 |
| ആകെ | 2246771 |

മേൽ ഡാറ്റ വിശകലനം ചെയ്തതിൽ തനത് ഫണ്ട് അക്കൗണ്ടുകളിൽ നീക്കിയിരിപ്പുള്ള 2453652 രൂപയിൽ 2246771 രൂപ പ്രത്യേക ആവശ്യങ്ങൾക്കുള്ള ഫണ്ടാണെന്ന് കാണുന്നു. തനത് ഫണ്ട് ഇനത്തിൽ 206881 രൂപ മാത്രമേ യഥാർത്ഥത്തിൽ നീക്കിയിരിപ്പുള്ളൂ എന്നതും വ്യക്തമാണ്.

വാർഷിക കണക്കിലെ ബി-9 പത്രിക പ്രകാരം 5197048 രൂപ 31.03.2018 തീയതിയിൽ സ്ഥാപനത്തിന് ബാധ്യതയുണ്ട്. മേൽ പത്രിക പ്രകാരമുള്ളതും തനത് ഫണ്ട് അക്കൗണ്ടുകളിൽ സൂക്ഷിച്ചിട്ടുള്ളതുമായ പ്രധാന ഇനങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | 31.03.2018 ലെ ബാധ്യത |
|---|---|
| ഗ്രന്ഥശാലാ വരി | 74730 |

| | |
|---|---|
| വസ്തു നികുതി- മുൻകൂർ പിരിവ് | 175871 |
| മണൽ- റോയൽറ്റി | 1035895 |
| മണൽ- ആർ.എം.എഫ് | 14066 * |
| ആകെ | 1300562 |

(*മണൽ വരുമാനവുമായി ബന്ധപ്പെട്ട് സ്ഥാപനം എസ്.ബി.ഐ 87862 നമ്പറായി പ്രത്യേക അക്കൗണ്ട് സൂക്ഷിക്കുന്നുണ്ട്. പ്രസ്തുത അക്കൗണ്ടിൽ 2126079 രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ആർ.എം.എഫിൽ തിരിച്ചടക്കേണ്ട ബാധ്യത 2140145 രൂപയാണ്. അക്കൗണ്ടിൽ കുറവുള്ള തുകയാണ് പട്ടികയിൽ ഉൾകൊള്ളിച്ചിട്ടുള്ളത്.)

മേൽ ബാധ്യതകളുടെ മാത്രം അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ തനത് ഫണ്ട് നീക്കിയിരിപ്പ് 1093681 രൂപ കമ്മിയാണെന്ന് കാണാം (1300562-206881 ). ബി-15 പത്രിക പ്രകാരം സർക്കാർ തിരിച്ചെടുത്ത തുകയിനത്തിൽ സ്ഥാപനത്തിന് ലഭിക്കാനുള്ളത് 658940 രൂപ മാത്രമാണ്. തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള പ്രത്യേക ഫണ്ടുകൾ അക്കൗണ്ടുകളിൽ നീക്കിയിരിപ്പില്ലാത്തതിനാൽ മേൽ ഫണ്ടുകൾ തനത് ഫണ്ട് എന്ന പോലെ വിവിധ ആവശ്യങ്ങൾക്കായി വക മാറ്റി ചെലവഴിക്കപ്പെട്ടിട്ടുണ്ടെന്നത് വ്യക്തമാണ്. തനത് ഫണ്ട് അക്കൗണ്ടിൽ വിവിധ ഫണ്ടുകൾ വരവ് വെക്കുന്ന സാഹചര്യത്തിൽ അക്കൗണ്ടിൽ നിന്നുമുള്ള ചെലവുകൾ പ്രത്യേക അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കി പരിപാലിക്കാത്തത് തുക വകമാറ്റി ചെലവഴിക്കപ്പെടുന്നതിന് കാരണമായിട്ടുണ്ട്.

വിവിധ ഫണ്ടുകൾ വകമാറ്റി ചെലവഴിച്ചതിന് സെക്രട്ടറിയും സ്ഥാപനത്തിന്റെ ധനസ്ഥിതി പരിശോധനാ വിധേയമാക്കാതെ ചെലവുകൾക്ക് അംഗീകാരം നൽകിയ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറപടിയൊന്നും ലഭ്യമാക്കിയിട്ടില്ല.

2017-18 ൽ 8057000 രൂപ ജനറൽ പർപസ് ഗ്രാന്റായി സ്ഥാപനത്തിന് ലഭിച്ചിട്ടുണ്ട്. 2018 ഏപ്രിൽ മാസത്തിൽ മാത്രം ജീവനക്കാരുടെ ശമ്പളം, ഭരണ സമിതി അംഗങ്ങളുടെ ഓണറേറിയം എന്നിവ മാത്രമായി 774000 രൂപയിലധികം സ്ഥാപനത്തിന് ചെലവ് വന്നിട്ടുണ്ട്. നിരപ്പം കുന്ന് സ്റ്റേഡിയവുമായി ബന്ധപ്പെട്ട കോടതി വിധിപ്രകാരം സ്ഥാപനത്തിന് 2256667 രൂപയുടെ ബാദ്ധ്യത ഉണ്ടെന്നത് ഭാവിയിൽ സ്ഥാപനത്തിന്റെ ധനസ്ഥിതിയെ പ്രതികൂലമായി ബാധിക്കുമെന്നത് വ്യക്തമാണ്.

മേൽ സാഹചര്യത്തിലും പുതിയ തനത് വരുമാന സ്രോതസ്സുകൾ കണ്ടെത്തുക എന്ന

അജണ്ട ഉൾപ്പെടുത്തി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്തതായോ സ്ഥാപനത്തിന്റെ ധനകാര്യ സ്ഥിതി ഏതെങ്കിലും യോഗത്തിൽ വിശകലനം ചെയ്തതായോ കാണുന്നില്ല. വസ്തു നികുതി പിരിവ് പുരോഗതി അജണ്ടയിൽ ഉൾപ്പെടുത്തി അവലോകനം നടത്തുന്നത് മാത്രമാണ് ഇതിന് അപവാദമായിട്ടുള്ളത്. തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾ അംഗീകരിച്ച് നൽകുന്ന സമയത്ത് പോലും തനത് ഫണ്ട് നീക്കിയിരിപ്പിന്റെ നിജസ്ഥിതി സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ചിട്ടില്ലെന്നത് സ്റ്റാന്റിംഗ് കമ്മിറ്റി ചുമതലാ നിർവ്വഹണത്തിൽ വീഴ്ച വരുത്തിയെന്നതിന്റെ തെളിവാണ്.

സ്ഥാപന തലത്തിൽ സ്വീകരിക്കേണ്ട പരിഹാര നടപടികൾ

- സെക്രട്ടറി, തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള വിവിധ ഇനങ്ങളുടെ ചെലവ് വിവരം പ്രത്യേക അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കി നിരീക്ഷിക്കേണ്ടതും തുക തനത് ഫണ്ടായി വകമാറ്റി ചെലവഴിക്കപ്പെടുന്നില്ലെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

- ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനും നിലവിലുള്ളവ വർദ്ധിപ്പിക്കുന്നതിനുമായി ശ്രദ്ധ ചെലുത്തേണ്ടതും, തനത് ഫണ്ടിന്റെ വിനിയോഗം കൃത്യമായി നിരീക്ഷിക്കേണ്ടതുമാണ്.

- ഭരണ സമിതി നിരപ്പം സ്റ്റേഡിയവുമായി ബന്ധപ്പെട്ട ബാധ്യത തീർക്കുന്നതിന് തനത് ഫണ്ടിന്റെ നിജസ്ഥിതി സർക്കാരിനെ ബോധിപ്പിച്ച് പ്ലാൻ ഫണ്ട് ഉപയോഗിച്ച് ബാധ്യത തീർക്കുന്നതിന് സർക്കാരിനോട് അനുമതി തേടേണ്ടതാണ്.

- വിഭവ സ്രോതസ്സുകളുടെ പരിമിതി കണക്കിലെടുത്ത്, പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സൗകര്യമൊരുക്കുന്നതിനായി സേവന ഉപനികുതിയുടെ സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്

## 3-3 കോർട്ട് ഫീയായി ബഹു. ഹൈക്കോടതിയിൽ കെട്ടി വെക്കാനായി നൽകിയ തുക കോർട്ട് ഫീ ഒഴിവാക്കി വിധിയുണ്ടായിട്ടും തിരികെ വാങ്ങിയില്ല.

2017-18 വർഷത്തെ തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ, Vr. No. 197 പ്രകാരം 16.06.2017 ന് 57,000/- രൂപ അഡ്വ. കെ.ഡി. ബാബുവിന് ബഹു. ഹൈക്കോടതിയിലെ കേസുമായി (നം. LAA 325/2008)ബന്ധപ്പെട്ട് കോർട്ട് ഫീ ഇനത്തിൽ കെട്ടിവെക്കുന്നതിനായി നൽകിയതായി കാണുന്നു.

കേസുമായി ബന്ധപ്പെട്ട ഫയൽ വിശദമായി പരിശോധിച്ചതിൽ, ചെറുവണ്ണൂർ പഞ്ചായത്തിലെ നിരപ്പം സ്റ്റേഡിയം സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട കേസുകളിൽ പഞ്ചായത്തിനെതിരെ ബഹു. കൊയിലാണ്ടി കോടതിയിൽ നിന്നുണ്ടായ വിധിക്കെതിരെ ബഹു. ഹൈക്കോടതിയിൽ അപ്പീൽ നൽകുകയും കേസ് തള്ളിപ്പോവുകയും

ചെയ്യുകയാണുണ്ടായത്. എന്നാൽ അപ്പീൽ നൽകുന്ന വേളയിൽ കോർട്ട് ഫീയായി 57,000/- രൂപ കെട്ടിവെയ്ക്കുന്നതുമായി ബന്ധപ്പെട്ട കേസ് 16.08.2017 ന് കോടതിയുടെ പരിഗണനയ്ക്ക് വരികയും, കേസിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് കോർട്ട്ഫീ ഒഴിവാക്കിക്കൊണ്ട് നം. LAA 325/2008 തീ. 16.08.2017 പ്രകാരം ഉത്തരവായിട്ടുണ്ട്. കോർട്ട് ഫീ ഇനത്തിൽ ബഹു. ഹൈക്കോടതിയിൽ അടവാക്കുന്നതിനായി

അഡ്വ. കെ. ഡി ബാബു കൈപ്പറ്റിയ 57,000/- രൂപ ബഹു. ഹൈക്കോടതിയിൽ അടവാക്കിയതിന്റെ രേഖകളോ, കോടതി ഉത്തരവ് പ്രകാരം കോർട്ട് ഫീ തിരികെ ലഭിച്ചതിന്റെ രേഖകളോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കോർട്ട് ഫീ ആയി ഒടുക്കിയ 57,000/- രൂപ തിരികെ ഈടാക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുന്നതിന് ആവശ്യപ്പെട്ട് 24.10.2018 തീയതിയിൽ നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക എത്രയും വേഗം അഡ്വ.കെ.ഡി ബാബുവിൽ നിന്നും തിരികെ വാങ്ങുകയോ, അല്ലാത്ത പക്ഷം തുക തിരികെ വാങ്ങുന്നതിന് നടപടികളൊന്നും കൈക്കൊള്ളാത്ത അന്നത്തെ സെക്രട്ടറിയിൽ നിന്നും തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## 3-4 പട്ടികജാതി വികസനം -വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിയ പ്രൊജക്ടുകൾക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിൽ അപാകത

വിദ്യാഭ്യാസ മേഖലയിൽ പട്ടികജാതി വിദ്യാർത്ഥികൾക്കായി ഹെഡ് മാസ്റ്റർ മുഖേന നടപ്പിലാക്കിയ S.C വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് (പ്രൊജക്ട് 17/18), എസ്.സി വിദ്യാർത്ഥികൾക്ക് പഠനോപകരണം (12/18) എന്നീ പ്രോജക്ടുകൾക്ക് ഗ്രാമപഞ്ചായത്ത് അംഗീകരിച്ച് നൽകിയ ഗുണഭോക്തൃ ലിസ്റ്റിൽ അനർഹർ ഉൾപ്പെട്ടതിനാൽ പ്രൊജക്ടുകൾ പൂർണമായും നടപ്പിലാക്കാൻ കഴിഞ്ഞില്ല. മെറിറ്റോറിയസ് സ്കോളർഷിപ്പിന് അംഗീകരിച്ച് നൽകിയ 14 ഗുണഭോക്താക്കളിൽ 11 പേരും അർഹതയില്ലാത്തവരായതിനാൽ ഈ ഇനത്തിൽ 3 പേർക്ക് മാത്രമേ ആനുകൂല്യം നൽകാൻ കഴിഞ്ഞിട്ടുള്ളൂ. അതുപോലെ എസ്.സി വിദ്യാർത്ഥികൾക്ക് പഠനോപകരണം പ്രൊജക്ട് പ്രകാരം ഭരണസമിതി അംഗീകരിച്ച് നൽകിയ 38 ഗുണഭോക്താക്കളിൽ 21പേർ മാത്രമേ അർഹതയുള്ളവരായുള്ളൂ. ഹെഡ്മാസ്റ്റർ തയ്യാറാക്കി നൽകിയ 14 ഗുണഭോക്താക്കളെ ഭരണ സമിതി അംഗീകരിച്ച് നൽകിയതിനാൽ ഈ പ്രൊജക്ട് പ്രകാരം 35 പേർക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. ഗ്രാമസഭ അംഗീകരിച്ച് നൽകുന്ന ഗുണഭോക്തൃ ലിസ്റ്റ് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ്, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി എന്നിവ പരിശോധിച്ചതായി കാണുന്നില്ല. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന അടിസ്ഥാന ഘടകമായ ഗ്രാമസഭയിൽ പ്രൊജക്ട് മാനദണ്ഡങ്ങൾ വിശദീകരിക്കുന്നതിൽ വന്ന വീഴ്ചയാണ് ഇത്തരം അപാകതകൾക്ക് കാരണം. ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി അംഗീകരിക്കുന്നതിന് മുമ്പ് ബന്ധപ്പെട്ട

സ്റ്റാന്റിംഗ് കമ്മറ്റി ,വർക്കിംഗ് ഗ്രൂപ്പ് എന്നിവയിൽ പരിശോധിച്ച് ഗുണഭോക്താക്കളുടെ അർഹത ഉറപ്പുവരുത്തേണ്ടതാണ്. ഇത്തരം അപാകതകൾ വരാതിരിക്കാൻ പ്രൊജക്ടുമാനദണ്ഡങ്ങൾ ഗ്രാമസഭയിൽ വ്യക്തമാക്കുകയും, പ്രോജക്ട് നിർവഹണ സമയത്ത് മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പ്, മേൽനോട്ടസമിതിയായി പ്രവർത്തിക്കേണ്ട സ്റ്റാന്റിംഗ് കമ്മറ്റി എന്നിവ തങ്ങളുടെ ഉത്തരവാദിത്വം ശരിയായ രീതിയിൽ നിർവഹിക്കേണ്ടതുമാണ്.

## 3-5 ക്ഷീരഗ്രാമം പദ്ധതി- ഗുണഭോക്തൃലിസ്റ്റിലെ മുൻഗണന ക്രമം ലംഘിച്ച് പശുക്കളെ വിതരണം ചെയ്തു.

പ്രൊജക്ട് നമ്പർ : 52/18
വകയിരുത്തിയ തുക : 1100000 (വി.ക ഫണ്ട് 300000,
ജി.പ വിഹിതം 2000000

ഗുണഭോക്തൃ വിഹിതം 600000 )
ചെലവുതുക : 400000 (ബിൽ നമ്പർ3/17-18 തി27.2.18 .180000/-

5/17-18 തി28.3.18 60000/-
ചെക്ക് നമ്പർ 3471314തി 27.3.18 -160000/-)

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ ക്ഷീരഗ്രാമം പദ്ധതി പ്രകാരം ക്ഷീരവികസന ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി 20 പശുക്കളെ വിതരണം ചെയ്യുന്നതിന് ഗുണഭോക്തൃ വിഹിതം ഒഴികെ 5 ലക്ഷം രൂപ വകയിരുത്തിയതിൽ 16 പശുക്കളെ വാങ്ങിക്കുന്നതിന് 4 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ആനുകൂല്യം കൈപറ്റിയ ഗുണഭോക്താക്കളുടെ പഞ്ചായത്ത് അംഗീകരിച്ചുനൽകിയ ഗുണഭോക്തൃ ലിസ്റ്റ് പരിശോധിച്ചതിൽ ഗുണഭോക്താക്കളുടെ മുൻഗണന ക്രമം മറികടന്ന് പശുക്കളെ വിതരണം ചെയ്തതായികാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെകൊടുക്കുന്നു.

| ക്രമനമ്പർ | ഗുണഭോക്താവിന്റെ പേര് | വാർഡ് നമ്പർ | ഗുണഭോക്തൃ ലിസ്റ്റിലെ ക്രമനമ്പർ |
|---|---|---|---|
| 1 | ഷിജി സ്നേഹസന | 2 | 64 |
| 2 | സുലൈഖ .ചെറുവളത്ത് | 11 | 36 |
| 3 | സാവിത്രി പരക്കൊട്ട് | 3 | 28 |

ഗുണഭോക്തൃ ലിസ്റ്റിൽ മേൽ ഗുണഭോക്താക്കൾക്ക് മുമ്പിലുള്ള ആനുകൂല്യം കൈപറ്റാത്ത ഗുണഭോക്താക്കൾ ഒന്നുംതന്നെ തങ്ങൾക്ക് ആനുകൂല്യം ആവശ്യമില്ലെന്ന് എഴുതി

നൽകിയതായി കാണുന്നില്ല. ഗുണഭോക്തൃ ലിസ്റ്റിലെ മുൻഗണന തെറ്റിച്ച് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാനുണ്ടായ കാരണം വിശദമാക്കിയിട്ടില്ല. ബന്ധപ്പെട്ട പ്രൊജക്റ്റിന്റെ മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട മൃഗസംരക്ഷണം, ക്ഷീരവികസനം വർക്കിംഗ് ഗ്രൂപ്പ് ഇത്തരത്തിലുള്ള അപാകത സംബന്ധിച്ച് യാതൊരുവിധത്തിലുള്ള പരിശോധനയും നടത്തിയതായോ, വർക്കിംഗ് ഗ്രൂപ്പ് മീറ്റിങ്ങിൽ ഇത്തരം അപാകതകളെ സംബന്ധിച്ച് ചർച്ചകൾ നടന്നതായോ കാണുന്നില്ല. വർക്കിംഗ് ഗ്രൂപ്പ് അവശ്യംചേരേണ്ട യോഗങ്ങൾ കൂടി ചേർന്നിട്ടില്ല. 25.9.16ന് വർക്കിംഗ്ഗ്രൂപ്പ് യോഗം ചേർന്നശേഷം 5.3.18 മാത്രമാണ് യോഗം കൂടിയിരിക്കുന്നത്. മേൽനോട്ട സമിതിയായി പ്രവർത്തിക്കേണ്ട വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും ഇക്കാര്യം ചർച്ച ചെയ്തതായികാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ സമയബന്ധിതമായി പ്രോജക്ട് പൂർത്തീകരിക്കേണ്ടതിനാലാണ് ഇപ്രകാരം സംഭവിച്ചതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഗുണഭോക്തൃലിസ്റ്റിലെ മുൻഗണനക്രമം പാലിച്ചുകൊണ്ട് മാത്രം ആനുകൂല്യം വിതരണം ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 കാർഷിക മേഖലയിലെ പദ്ധതികൾ

ബഹുഭരിപക്ഷം ജനങ്ങളും കൃഷിയെ ആശ്രയിച്ച കഴിയുന്ന ഗ്രാമ പഞ്ചായത്തിലെ കാർഷിക മേഖലയിലെ അടിസ്ഥാന വിവരങ്ങൾ ചുവടെ ചേർക്കും പ്രകാരമാണ്.

| | |
|---|---|
| ആകെ ഭൂവിസ്തൃതി | 5341.1 ഏക്കർ |
| കൃഷിക്ക് അനുയോജ്യമായ വിസ്തൃതി | 4455 |
| കൃഷി ചെയ്യുന്ന വിസ്തൃതി | 4255 |
| തരിശ് ഭൂമി | 731.3 |
| കൃഷിയോഗ്യമായത് | 150 |
| കൃഷി യോഗ്യമല്ലാത്തത് | 581.3 |
| കാർഷികേതര ഭൂമി | 300 |
| നെൽവയൽ | 1304.25 |
| കൃഷിചെയ്യുന്നത് | 1267.14 |

| | |
|---|---|
| കൃഷി യോഗ്യമാണെങ്കിലും ചെയ്യാത്തത് | 30 |

കൃഷിക്ക് ആശ്രയിക്കുന്ന പ്രധാന ജലസ്രോതസ്സ് 480 ഹെക്ടർ വിസ്തൃതിയുള്ള സർക്കാർ കനാൽ, സ്വകാര്യ കിണറുകൾ എന്നിവയെ ആണ്.

2017-18 വർഷത്തിൽ കാർഷിക മേഖലയിൽ നടപ്പാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് നം | പദ്ധതിയുടെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | 10/18 | നെൽകൃഷിയ്ക്ക് കൂലിച്ചെലവ് സബ്സിഡി, വിത്ത് വിതരണം | 21,00,000 | 21,00,000 |
| 2 | 34/18 | സമഗ്ര തെങ്ങുകൃഷി വികസനം | 6,66,666 | 6,66,666 |
| 3 | 42/18 | പച്ചക്കറികൃഷിയ്ക്ക് കൂലിച്ചെലവ് | 50,000 | 50,000 |
| 4 | 44/18 | കുരുമുളക് കൃഷി വികസനം | 1,00,000 | 92,000 |
| 5 | 53/18 | കദളീവനം | 50,000 | 49,986 |
| 6 | 166/18 | തരിശുനിലം കൃഷി യോഗ്യമാക്കൽ | 2,25,000 | 1,48,480 |
| ആകെ | | | 31,91,666 | 31,07,132 |

2017-18 വർഷത്തിൽ 75 ഏക്കർ തരിശുനിലം അഗ്രോ സർവ്വീസ് സെന്റർ മുഖേന കൃഷിയോഗ്യമാക്കുന്നതിന് പദ്ധതി (166/18) തയ്യാറാക്കി 2,25,000/- രൂപ വകയിരുത്തിയിട്ടുണ്ട്. കരുവോട് ചിറ, ആവള പാണ്ടി-വെള്ളാമ്പത്തൂർ താഴ, ആവള പാണ്ടി-പയ്യത്ത് താഴെ തുടങ്ങിയ സ്ഥലങ്ങളിൽ തടയണ നിർമ്മിക്കുന്നതിനും മറ്റ് പ്രവർത്തനങ്ങൾക്കുമായി 1,48,480/- രൂപ ചെലവഴിച്ചിട്ടുമുണ്ട്. കൂടാതെ, തൻവർഷം നെൽകൃഷി ചെയ്യുന്നവർക്ക് നെൽവിത്ത്, വിസ്തൃതിക്ക് ആനുപാതികമായി കൂലിചെലവ് സബ്സിഡി നൽകുന്നതിനും ജില്ലാ – ബ്ലോക്ക് വിഹിതമായി 8,50,000/- ഉൾപ്പടെ 21,00,000/- ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 2017-18 ൽ നെൽകൃഷി എത്ര ഹെക്ടർ വരെ വ്യാപിപ്പിക്കാൻ കഴിഞ്ഞു, എത്ര വിളവ് ലഭിച്ചു എന്നിവ സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല. കാർഷിക മേഖലയിൽ നടപ്പാക്കിയ പദ്ധതികളിലെ പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതികൾ യഥാസമയം പൂർത്തീകരിക്കപ്പെടുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ, ഹാജരാക്കിയ പദ്ധതി നിർവ്വഹണ കലണ്ടർ എന്നിവ പരിശോധിച്ചതിൽ കാർഷിക മേഖലയിലെ പദ്ധതി നിർവ്വഹണത്തിന് കാലതാമസം വന്നതായി കാണുന്നു. പദ്ധതി നിർവ്വഹണ കലണ്ടർ പ്രകാരം പദ്ധതി നിർവ്വഹണത്തിന്റെ സമയക്രമം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | പദ്ധതി നിർവ്വഹണ കലണ്ടർ പ്രകാരം പദ്ധതി നടപ്പിലാക്കേണ്ടത് | നടപ്പിലാക്കിയത് |
|---|---|---|
| നെൽകൃഷിയ്ക്ക് കൂലി ചെലവ്, വിത്ത് വിതരണം | 11/2017 | 01/2018, 03/2018 |
| സമഗ്ര തെങ്ങുകൃഷി വികസനം | 08/2017 | 03/2018 |
| പച്ചക്കറികൃഷിയ്ക്ക് കൂലിച്ചെലവ് | 01/2018 | 03/2018 |

| | | |
|---|---|---|
| കുരുമുളക് കൃഷി | 10/2017 | 11/2017 |
| കദളീവനം | 09/2017 | 01/2018 |

ഇതിൽ കുരുമുളക് കൃഷി വ്യാപിപ്പിക്കൽ പദ്ധതി ഒഴികെ മറ്റ് പദ്ധതികൾ നടപ്പാക്കുന്നതിൽ മേൽ പരാമർശിച്ചത് പ്രകാരം കാലതാമസം വന്നതായി കാണുന്നു.

2. സമഗ്ര തെങ്ങുകൃഷി വികസനം - ആനുകൂല്യം നൽകുന്നതിൽ കാലതാമസം

പ്രൊജക്റ്റ് നം : S0034/18

അടങ്കൽ : 5,00,000/-(വികസനഫണ്ട് - ജനറൽ)

1,66,666/-(ഗു. വി നേരിട്ട് ചെലവഴിക്കുന്നത്)

ചെലവ് സംബന്ധമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നം., തീയതി | തുക |
|---|---|
| JA 2/17-18/10.11.2017 | 2,02,987/- |
| JA 5/17-18/02.03.2018 | 2,89,955/- |
| JA 6/17-18/20.03.2018 | 7058/- |
| ആകെ | 5,00,000 |

ഗ്രാമ പഞ്ചായത്തിൽ തെങ്ങുകൃഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി, കർഷകൻ മുഴുവൻ തുകയും അടവാക്കി ജൈവവളം വാങ്ങുകയും ആയതിന്റെ ബില്ല് ഹാജരാക്കുന്നതിന്റെ മുറയ്ക്ക് 75% സബ്സിഡി കർഷകന്റെ അക്കൗണ്ടിലേക്ക് നൽകുകയും ചെയ്യുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. പദ്ധതി പ്രകാരം 292 കർഷകർക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ട്.

ഗ്രാമ പഞ്ചായത്ത് നൽകിയ പെർമിറ്റിന്റെ അടിസ്ഥാനത്തിൽ ഹരിത മോഡൽ അഗ്രോ സർവ്വീസ് സെന്ററിൽ നിന്നാണ് കർഷകർ വളം വാങ്ങിയിട്ടുള്ളത്. 01.07.2017 മുതൽ 31.07.2017 വരെ വിവിധ തീയതികളിലായാണ് പെർമിറ്റ് നൽകിയിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ കർഷകർ 31.07.2017-നകം വളം വാങ്ങിയതായി കാണുന്നു. ഇതിൽ 114 പേർക്ക് 10.11.2017 തീയതിയിലും, 174 പേർക്ക് 02.03.2018 തീയതിയിലും, 4 പേർക്ക് 20.03.2018 തീയതിയിലുമാണ് അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്തിട്ടുള്ളത്. സബ്സിഡി തുക നൽകുന്നതിൽ വന്ന കാലതാമസത്തിന് വിശദീകരണം നൽകേണ്ടതാണ്.

3. വിതരണ രേഖകൾ ഹാജരാക്കിയില്ല

കാർഷിക മേഖലയിൽ നടപ്പാക്കിയ പദ്ധതികൾ പ്രകാരം ആനുകൂല്യം നൽകിയതിന്റെ വിതരണ രേഖകൾ ഫയലിൽ സൂക്ഷിക്കുകയോ പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

i. <u>കദളീവനം</u>

പ്രൊജക്റ്റ് നം : S0053/18

അടങ്കൽ : 50,000(വികസനഫണ്ട് - ജനറൽ)

ചെലവ് : 49,986/- (JA 4/17-18/30.01.2018)

VFPCK യിൽ നിന്നും ഒരു വാഴകന്നിന് 18 രൂപ നിരക്കിൽ ആകെ 2777 വാഴക്കന്നുകൾ (ഞാലിപ്പൂവൻ) 49,986/- രൂപ ചെലവഴിച്ച് വാങ്ങിയിട്ടുണ്ട്. (പ്രൊക്വയർമെന്റ് കമ്മറ്റി തീരുമാനം 10/17-18 തീ. 10.08.2017) ഇതിൽ 507 വാഴക്കന്നുകൾ വിതരണം ചെയ്തത് വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| വാർഡ് നം | വിതരണം ചെയ്ത വാഴക്കന്നുകളുടെ എണ്ണം |
|---|---|
| 2 | 27 x 5 = 135 |
| 9 | 23 x 6 = 138 |
| 12 | 23 x 6 = 138 |
| 15 | 32 x 3 = 96 |
| | 507 |

ശേഷിക്കുന്ന 2270 വാഴക്കന്നുകളുടെ വിതരണ വിവരം ഹാജരാക്കിയിട്ടില്ല .

ii. <u>കുരുമുളകു കൃഷി വികസനം</u>

പ്രൊജക്റ്റ് നം : S0044/18

അടങ്കൽ : 1,00,000(വികസനഫണ്ട് - ജനറൽ)

ചെലവ് : 92,000/- (JA 1/17-18/10.11.2017)

ഹരിത മോഡൽ അഗ്രോസർവ്വീസ് സെന്ററിൽ നിന്നും ഒരു കുരുമുളക് തൈയ്ക്ക് 10/- രൂപ നിരക്കിൽ 9200 തൈകൾ (Panniyoor Rooted Pepper) വാങ്ങുന്നതിനായി 92,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. (പ്രൊക്യൂയർമെന്റ് കമ്മറ്റി തീരുമാനം 9/17-18 തീ. 10.08.2017). ഗ്രാമസഭ തെരഞ്ഞെടുത്ത 918 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ഒരു ഗുണഭോക്താവിന് എത്ര തൈകൾ വിതരണം ചെയ്തു ഏത് തീയതിയിൽ വിതരണം ചെയ്തു എന്നത് സംബന്ധിച്ച വിവരങ്ങൾ ഹാജരാക്കിയിട്ടില്ല

iii.നെൽകൃഷിയ്ക്ക് കൂലിചെലവ് സബ്സിഡി, വിത്ത് വിതരണം

പ്രൊജക്ട് നം : S0010/18

| | | |
|---|---|---|
| അടങ്കൽ | 12,50,000 | വികസനഫണ്ട് - ജനറൽ |
| | 4,25,000/- | ജില്ലാ പഞ്ചായത്ത് വിഹിതം |
| | 4,25,000/- | ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| | 21,00,000/- | |
| ചെലവ് | 3,99,600/- | 3/17-18/30.01.2018(നെൽവിത്ത് വിതരണം) |
| | 8,50,400/- | 9/17-18 തീ. 26.03.2018 |
| | 4,25,000/- | ട്രഷറി ചെക്ക് നം. 3471313/27.03.2018 |
| | 4,25,000/- | ട്രഷറി ചെക്ക് നം. 3471312/27.03.2018(ജി. പ വിഹിതം) |
| | 21,00,000/- | |

നെൽകൃഷി പ്രോത്സാഹിപ്പിക്കുക, നെൽകൃഷി വിസ്തൃതി വർദ്ധിപ്പിക്കൽ എന്നിവ ലക്ഷ്യം വെച്ച് നെൽകൃഷി ചെയ്യുന്ന മുഴവൻ കർഷകർക്കും 100% സബ്സിഡിയിൽ

നെൽവിത്ത് വിതരണം, 2 ഹെക്ടറിൽ താഴെ സ്വന്തമായോ പാട്ടത്തിനോ നെൽകൃഷി ചെയ്യുന്നവർക്ക് വിസ്തൃതിക്ക് ആനുപാതികമായി കൂലിചെലവ് 1 ഹെക്ടറിന് 17,000/- രൂപ എന്ന നിരക്കിൽ സബ്സിഡി കർഷകരുടെ അക്കൗണ്ടിൽ നൽകുന്നതിനുമാണ് പ്രൊജക്ട് തയ്യാറാക്കിയിരിക്കുന്നത്.

ഇത് പ്രകാരം, നെൽവിത്ത് വിതരണം ചെയ്യുന്നതിനായി കി.ഗ്രാമിന് 40/- രൂപ നിരക്കിൽ 3,99,600/- രൂപ ചെലവഴിച്ച് 9990 കി.ഗ്രാം (9810+180) നെൽവിത്ത് (ജ്യോതി)കേരള സ്റ്റേറ്റ് സീഡ് ഡെവലപ്പ്മെന്റ് അതോറിറ്റിക്ക്, അയ്യന്തോൾ, തൃശ്ശൂർ - ൽ നിന്ന് വാങ്ങിയിട്ടുണ്ട്.(പ്രൊക്വയർമെന്റ് കമ്മറ്റി തീരുമാനം 7/17-18 തീ. 10.08.2017) 11 പാടശേഖരസമിതികൾക്കാണ് വിത്ത് വിതരണം ചെയ്തിരിക്കുന്നത്. എന്നാൽ ഓരോ പാടശേഖര സമിതിക്കും നൽകിയ വിത്തിന്റെ അളവ്, ഓരോ പാടശേഖര സമിതിയും നെൽകൃഷി ചെയ്തതിന്റെ വിസ്തൃതി, 2017-18 ൽ നെൽകൃഷി എത്ര ഹെക്ടർ വരെ വ്യാപിപ്പിക്കാൻ കഴിഞ്ഞു, എത്ര വിളവ് ലഭിച്ചു എന്നിവ സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.

മുൻവർഷങ്ങളിൽ നെല്ലുല്പാദന മേഖലയിൽ വിജയകരമായ പദ്ധതികൾ നടപ്പാക്കിയതായി 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-15 ൽ പരാമർശിച്ചിട്ടുള്ളതാണ്. മേൽ പരാമർശിച്ച പ്രകാരമുള്ള അപാകതകൾ ഒഴിവാക്കുന്നതിനായി പ്രൊജക്ടുമാനദണ്ഡങ്ങൾ ഗ്രാമസഭയിൽ വ്യക്തമാക്കുകയും, മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പ്, മേൽനോട്ട സമിതിയായി പ്രവർത്തിക്കേണ്ട വികസന സ്റ്റാന്റിംഗ് കമ്മറ്റി എന്നിവ വാർഷിക പദ്ധതി നടത്തിപ്പിന്റെ എല്ലാ ഘട്ടങ്ങളിലും കാര്യക്ഷമമായ ഇടപെടലുകൾ നടത്തേണ്ടതാണ്. പദ്ധതികൾ യഥാസമയം നടപ്പാക്കുന്നതിനും ആവശ്യമായ രേഖകൾ സൂക്ഷിക്കുന്നതിനും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതുമാണ്. മേൽ പറഞ്ഞ പദ്ധതികളുമായി ബന്ധപ്പെട്ട വിതരണ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 3-7 മരാമത്ത് പ്രവർത്തികൾ പൂർത്തീകരിക്കപ്പെട്ടുന്നില്ല.

സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ മരാമത്ത് പ്രവർത്തികൾ നടപ്പിലാക്കിയിരിക്കുന്നത് അസി.എഞ്ചിനീയർക്ക് പുറമെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി കൂടിയാണ്. പഞ്ചായത്ത് ഭരണസമിതിയുടെ 6.12.17ലെ2(5) നമ്പർ തീരുമാന പ്രകാരം അസി.എഞ്ചിനീയർ തസ്തിക ഒഴിഞ്ഞു കിടക്കുന്നതിനാൽ നിർവഹണം സെക്രട്ടറിയെ ഏൽപിക്കുകയാണ് ചെയ്തിരിക്കുന്നത്.

അസി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി ആകെ 34 പ്രവർത്തികളാണ് നടപ്പിലാക്കാനുണ്ടായിരുന്നത് (പുതിയത് 18, സ്പിൽ ഓവർ 16). സ്പിൽഓവർ പ്രവർത്തികളിൽ 10 എണ്ണത്തിന് മാത്രമാണ് സാമ്പത്തിക വർഷം അസി.എഞ്ചിനീയർ തുക ചെലവഴിച്ചിരിക്കുന്നത്. പുതിയ പ്രൊജക്ടുകളിൽ ഒന്നിനുപോലും സാമ്പത്തിക

വർഷം തുകയൊന്നും ചെലവഴിച്ചിട്ടില്ല. നിർവഹണത്തിനായി ഏൽപിച്ചിരിക്കുന്ന പ്രൊജക്ടുകളിൽ 4 എണ്ണത്തിന് കരാറുകാരുമായി എഗ്രിമെന്റിൽ ഏർപ്പെട്ടില്ല. മേൽ പ്രൊജക്ടുകൾക്ക് മൊത്തമായി 11228294 രൂപ വകയിരുത്തിയതിൽ കേവലം 3056394 രൂപ മാത്രമാണ് സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചിരിക്കുന്നത്. വകയിരുത്തിയ തുക വിനിയോഗിക്കപ്പെടാത്തതിനാൽ വിവിധ ഫണ്ടിനങ്ങളിലായി 80 ലക്ഷത്തിൽ പരം രൂപ സർക്കാരിലേക്ക് തിരികെ പോയിട്ടുണ്ട്. സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 49 മരാമത്ത് പ്രൊജക്ടുകൾക്ക് തുക വകയിരുത്തിയതിൽ (സ്പിൽ ഓവർ16, പുതിയത് 33) 20 പ്രൊജക്ടുകളിൽ തുകയൊന്നും ചെലവഴിക്കപ്പെട്ടിട്ടില്ല. 49 പ്രൊജക്ടുകളിലായി ആകെ 211111073 രൂപ വകയിരുത്തിയതിൽ 8551850 രൂപ മാത്രമാണ് സാമ്പത്തിക വർഷത്തിൽ വിനിയോഗിച്ചിരിക്കുന്നത്. മറ്റ് നിർവഹണഉദ്യോഗസ്ഥരുടെ പ്രൊജക്ടുകളുടെ നിർവഹണം കാര്യക്ഷമമായിരുന്നിട്ടും മരാമത്ത് പ്രവർത്തികളുടെ നിർവഹണം കാര്യക്ഷമമല്ലാത്തതിനാൽ സർക്കാരിൽ നിന്നും വിവിധ ഫണ്ടിനങ്ങളിലായി ലഭിച്ചതുകയിൽ നല്ലൊരു തുക സർക്കാരിലേക്ക് ചെലവഴിക്കാതെ തിരികെ പോയിട്ടുണ്ട്. പ്രൊജക്ടുകളുടെ നിർവഹണ പുരോഗതി വികസന കാര്യസ്റ്റാന്റിംഗ് കമ്മറ്റി വിവിധ മീറ്റിങ്ങുകളിൽ വിശകലനം ചെയ്തിട്ടുണ്ടെങ്കിലും മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കേണ്ട പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് തങ്ങളുടെ കൃത്യനിർവഹണത്തിൽ വീഴ്ചവരുത്തിയതും നിർവഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനീയറുടെ അഭാവവും നിർവഹണത്തെ ബാധിച്ചിട്ടുണ്ട്. പുതുതായി തുക വകയിരുയ 51 മരാമത്ത് പ്രവർത്തികളിൽ 10 എണ്ണം മാത്രമേ സാമ്പത്തിക വർഷം പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശമായി ഉയർന്നുവന്നിട്ടുള്ളു. 27.4.17, 29.4.17 തിയ്യതികളിൽ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ ചേർന്നിട്ടുണ്ടെങ്കിലും യോഗ തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പ്രൊജക്ടുകളുടെ ബാഹുല്യം നിയന്ത്രിച്ച്, നിർവഹണഘട്ടങ്ങൾ മോണിറ്റർ ചെയ്ത് മരാമത്ത് പ്രവർത്തികളുടെ നിർവഹണം കാര്യക്ഷമമാക്കേണ്ടതാണ്.

## 3-8 പഞ്ചായത്ത് ഓഫീസ് വാഹനം വാങ്ങൽ- വാഹനം പഞ്ചായത്തിന്റെ ആസ്തിരജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവയിൽ ഉൾപ്പെട്ടില്ല.

പ്രൊജക്ട് നമ്പർ : 159/18

വകയിരുത്തിയ തുക : 1000000

ചെലവുതുക : 903421

പഞ്ചായത്ത് ഓഫീസ് വാഹനം വാങ്ങൽ പ്രൊജക്ട് പ്രകാരം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി G.E.M. മുഖേന മഹീന്ദ്ര & മഹീന്ദ്ര കമ്പനിയുടെ ബൊലേറോ വാഹനം 8.1.18 വാങ്ങിയിട്ടുണ്ട്. എന്നാൽ മേൽ വാഹനം നാളിതുവരെ പഞ്ചായത്തിന്റെ ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുകയോ, സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുകയോ ചെയ്തിട്ടില്ല.

കൂടാതെ മേൽ വാഹനത്തിന്റെ ഇൻഷ്വറൻസ് തുക ജില്ലാ ഇൻഷ്വറൻസ് ഓഫീസിൽ അടവാക്കുന്നതിന് 25044 രൂപ പിൻവലിച്ചിട്ടുണ്ട്. (ബിൽ നമ്പർ38/17-18 തി20.2.18) എന്നാൽ ഇൻഷ്വറൻസ് തുക അടവാക്കിയതിന്റെ ഒറിജിനൽ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നതിനും, ആസ്തിരജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവയിൽ വാഹനം ഉൾപ്പെടാത്തതിന് കാരണം വിശദമാക്കുകയോ ചെയ്തിട്ടില്ല. ഗ്രാമപഞ്ചായത്തിൽ ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ലെന്ന് ഇതിൽ നിന്നും വ്യക്തമാണ്. പഞ്ചായത്തിന്റെ ആസ്തികൾ മുഴുവൻ ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കേണ്ടതും, വാഹനത്തിന്റെ ഇൻഷ്വറൻസ് അടവാക്കിയതിന്റെ ഒറിജിനൽ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-9 തെരുവുവിളക്ക് സ്ഥാപിക്കൽ പ്രൊജക്ട് പ്രകാരം ഗുണനിലവാരം കുറഞ്ഞ തെരുവുവിളക്കുകൾ സ്ഥാപിച്ചു.

പ്രൊജക്ട് നമ്പർ : 110/18

വകയിരുത്തിയ തുക : 291656

ചെലവുതുക : 199500 (ബിൽ നമ്പർ 36/17-18 തി12.2.18)

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ തെരുവു വിളക്കുകൾ സ്ഥാപിക്കൽ പ്രൊജക്ട് പ്രകാരം 95 തെരുവു വിളക്കുകൾ അലൂമിന ഇലക്ട്രോണിക്സ് വാളാംതോട്, മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ നടപടികളിലൂടെ വാങ്ങി പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുണ്ട്. തെരുവു വിളക്കുകൾ മേപ്പയ്യൂർ ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ സ്ഥാപിച്ചതായി ഇലക്ട്രിക്കൽ സെക്ഷൻ അസി.എഞ്ചിനീയർ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. എന്നാൽ വിവിധ വാർഡുകളിൽ സ്ഥാപിച്ച സ്ട്രീറ്റ് ലൈറ്റുകളിൽ മുയിപ്പോത്ത് ടൗൺ, കുന്നോത്ത് മുക്ക്, ആവള ടൗൺ , ആവള ആശുപത്രി എന്നിവിടങ്ങളിൽ സ്ഥാപിച്ച സ്ട്രീറ്റ് ലൈറ്റുകൾ പ്രവർത്തന രഹിതമാണെന്ന് ബന്ധപ്പെട്ട മെമ്പർമാർ 13.12.17 ലെ ഭരണസമിതി യോഗത്തിൽ പരാതിപ്പെടുകയും പരാതിയുടെ അടിസ്ഥാനത്തിൽ കേടായ തെരുവുവിളക്കുകൾ പ്രവർത്തനക്ഷമമമാക്കാൻ ആവശ്യപ്പെട്ട് സെക്രട്ടറി സ്ഥാപനത്തിന് കത്ത് നൽകിയതായും കാണുന്നു. എന്നാൽ പ്രവർത്തനരഹിതമായ തെരുവുവിളക്കുകൾ പ്രവർത്തനക്ഷമ മാക്കിയതിന്റെ രേഖകളൊന്നും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. 12.2.18ൽ സ്ഥാപനത്തിന് ബിൽ പ്രകാരമുള്ള മുഴുവൻ തുകയും കൈമാറിയിട്ടുണ്ട്. ബന്ധപ്പെട്ട പൊതുമരാമത്ത്/ഊർജം വർക്കിംഗ് ഗ്രൂപ്പ്, വികസന സ്റ്റാന്റിംഗ് കമ്മറ്റി എന്നിവിടങ്ങളിൽ തെരുവുവിളക്കുകൾ പ്രവർത്തനക്ഷമമമല്ലാത്ത കാര്യം ചർച്ചക്ക് വരികയോ ആയതിന് ആവശ്യമായ നടപടികൾ കൈകൊണ്ടതായും കാണുന്നില്ല. സ്ഥാപനത്തിൽ തെരുവുവിളക്കുകൾ സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

കേടായസ്ട്രീറ്റ് ലൈറ്റുകൾ പ്രവർത്തനക്ഷമമാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കുകയും, ഇത്തരം പ്രൊജക്ടുകൾ നടപ്പിലാക്കുമ്പോൾ മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പ് തങ്ങളുടെ ഉത്തരവാദിത്തം നിർവഹിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 3-10 കേരള വാട്ടർ അതോറിറ്റി കുടിശ്ശിക- പഞ്ചായത്തിൽ അവശ്യം വേണ്ട രേഖകളില്ല.

ഗ്രാമപഞ്ചായത്തിൽ പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 27 ടാപ്പുകളുടെ വെള്ളക്കരമായി 11813 രൂപ പ്രതിമാസം അടവാക്കി വരുന്നുണ്ട്. വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടിസ് പരിശോധിച്ചതിൽ ലക്ഷക്കണക്കിന് രൂപ പലിശ സഹിതം 2017-18ൽ കുടിശ്ശികയായി അവശേഷിക്കുന്നുണ്ട് പഞ്ചായത്ത് ഭരണസമിതിയുടെ 16/5/17 ലെ 92(1)/17 നമ്പർ തീരുമാന പ്രകാരം പഞ്ചായത്തിന്റെ തനതു വരുമാനം കുറവായതിനാൽ തുക അടവാക്കുന്നതിന് നിലവിൽ സാഹചര്യമില്ലാത്തതിനാൽ വെള്ളക്കരത്തിന്റെ പിഴപ്പലിശ ഒഴിവാക്കി നൽകുന്നതിന് അപേക്ഷിച്ചു. ആയതിനുള്ള വാട്ടർ അതോറിറ്റി P.H.ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചീനീയറുടെ എ3/പബ്ലിക്ക് വാട്ടർ ചാർജ്/2013 കത്ത് പ്രകാരം വെള്ളക്കരത്തിന്റെ കുടിശ്ശിക 4/09 മുതൽ 10/17 വരെ 5102146 രൂപയായി നിജപ്പെടുത്തുകയും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 1593119 രൂപ 31/12/17 നകം അടവാക്കാൻ ആവശ്യപ്പെടുകയും ചെയ്തു. കുടിശ്ശികയുടെ ആധികാരികത തെളിയിക്കുന്ന രേഖകളൊന്നും പഞ്ചായത്തിൽ ലഭ്യമല്ല. 2017-18 സാമ്പത്തിക വർഷം തുകയൊന്നും അടവാക്കിയിട്ടില്ല. 2018-19 സാമ്പത്തിക വർഷത്തിൽ തുടർന്നുള്ള കാലത്തേക്കുള്ള പലിശ സഹിതം 8/18 ൽ1748579 രൂപ അടവാക്കി കുടിശ്ശിക ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ നാളിതുവരെ വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ പൊതു ടാപ്പുകളുടെ എണ്ണം കണക്കാക്കി അടവാക്കേണ്ട തുകയുടെ ആധികാരികത ഉറപ്പുവരുത്തുകയോ സ്ട്രീറ്റ് ടാപ്പുകളുടെ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. 10.7.17 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 21/17 നമ്പർ തിരുമാനത്തിൽ സ്ട്രീറ്റ് ടാപ്പുകളുടെ വാട്ടർ ചാർജ് ഇനത്തിൽ പ്രതിമാസം 11813 രൂപ അടവാക്കി വരുന്നതായും ടാപ്പുകളിൽ പലതും പ്രവർത്തന ക്ഷമമല്ലെന്നും വിലയിരുത്തി. ടാപ്പുകൾ സംബന്ധിച്ച് സംയുക്ത പരിശോധന നടത്തുന്നതിന് നൽകിയ കത്തിന് വാട്ടർ അതോറിറ്റിയിൽ നിന്നും തുടർനടപടികൾ ഉണ്ടാവാത്തതിനാൽ തുടർനടപടികൾ ചെയർമാന്റെ നേതൃത്വത്തിൽ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ വാട്ടർ അതോറിറ്റി പഞ്ചായത്തുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. 4/09 മുതൽ 10/17 വരെ കൂടിയ കാലങ്ങളിൽ സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമല്ലാത്ത പൊതുടാപ്പുകളുടെ എണ്ണം കണ്ടെത്തി ആയതിലേക്കുള്ള ഡിമാന്റ് തുക കണക്കിൽ നിന്നും ഒഴിവാക്കാൻ നടപടി സ്വീകരിക്കാതിരുന്നത് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ്.

## 3-11 S.C വിദ്യാർത്ഥികൾക്ക് മെറിറ്റോറിയൽ സ്കോളർഷിപ്പ്- ആവശ്യമായ രേഖകൾ ഹാജരാക്കാതെ ഗുണഭോക്താക്കൾക്ക് സ്കോളർഷിപ്പ് വിതരണം ചെയ്തു.

പ്രൊജക്റ്റ് നമ്പർ : 17/18

വകയിരുത്തിയ തുക : 210000

ചെലവുതുക : 70000 ( ബിൽ നമ്പർ 9/17-18 തി.21.3.18 . 30000

6/17-18 തി 21.2.18 .40000)

ഹെഡ് മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി എസ്.സി വിദ്യാർത്ഥികൾക്കായി പട്ടികജാതി വികസന മേഖലയിൽ നടപ്പിലാക്കിയതാണ് മേൽ പ്രൊജക്ട്. പ്രൊജക്ട് പ്രകാരം മൂന്ന് ഗുണഭോക്താക്കൾക്ക് 70000 രൂപ സ്കോളർഷിപ്പിനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. സ്കോളർഷിപ്പ് ആനുകൂല്യം കൈപറ്റിയവർ എസ്.സി. വിഭാഗത്തിൽ പെട്ടവരാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. അടിസ്ഥാന രേഖകൾ ലഭ്യമാക്കാതെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയത് മോണിട്ടറിംഗ് സമിതിയോ, ബന്ധപ്പെട്ട സ്റ്റാന്റിംഗ്കമ്മറ്റിയോ പരിശോധനക്ക് വിധേയമാക്കിയതായി കാണുന്നില്ല. ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-12 വൃദ്ധജനങ്ങൾക്ക് കട്ടിൽ വിതരണം - അപാകതകൾ

പ്രൊജക്ട് നം. : S0045/18

നിർവ്വഹണം : ഐ.സി.ഡി.എസ് സൂപ്പർവൈസർ

അടങ്കൽ : 3,50,000/-(വികസന ഫണ്ട് (ജനറൽ))

ചെലവ് : 3,14,336/-(18/17-18 തീ. 09.03.2018)

ഗ്രാമ പഞ്ചായത്തിലെ വൃദ്ധ ജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്യുന്നതിനാണ് പദ്ധതി ആവിഷ്കരിച്ച് തുക ചെലവഴിച്ചിരിക്കുന്നത്. ഒരു കട്ടിലിന് 3344/- രൂപ നിരക്കിൽ 3,14,336/- രൂപ ചെലവഴിച്ച് 94 കട്ടിലുകൾ KADCO-യിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്.(പ്രൊക്വയർമെന്റ് കമ്മറ്റി തീരുമാനം 35/17-18 തി. 12.10.2017) 94 കട്ടിലുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. വിതരണ ലിസ്റ്റ് പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | റിമാർക്സ് |
|---|---|---|
| 1 | ശ്രീ. ചോയ്യൻ, തറമ്മൽ മീത്തൽ | റേഷൻ കാർഡ് നം. 2160127687 പ്രകാരം മകൻ സജീവൻ സർക്കാർ ഉദ്യോഗസ്ഥനാണ്. |

| | | |
|---|---|---|
| 2 | ശ്രീമതി. കെ. ടി ബാവ | ഭർത്താവ് ശ്രീ. ഗോപാലൻ സർവ്വീസ് പെൻഷണർ<br>(റേഷൻ കാർഡ് നം. 2160047290) |
| 3 | ശ്രീ. ബേരൻ | റേഷൻ കാർഡ് നം. 2160040002 പ്രകാരം മകൻ<br>സത്യൻ സർക്കാർ ഉദ്യോഗസ്ഥനാണ്. |

സ.ഉ (എം.എസ്)80/2017/തസ്വഭവ തീ. 03.04.2017ഖ.2.15(i) പ്രകാരം സർക്കാർ / അർദ്ധസർക്കാർ/എയ്ഡഡ്/സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ, പെൻഷണർ/ ഫാമിലി പെൻഷണർ എന്നിവരിലാരെങ്കിലും ഉൾപ്പെടുന്ന കുടുംബത്തെ ജനറൽ 1 ലക്ഷം/പട്ടികജാതി 2 ലക്ഷം രൂപയിൽ കുറവ് വരുമാനമുള്ളവരായി കണക്കാക്കാവുന്നതല്ല എന്ന് നിഷ്കർഷിക്കുന്നുണ്ട്. അപേക്ഷകളിൽ മതിയായ പരിശോധന നടത്താതെ ആനുകൂല്യം അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (06/27.10.2018) മറുപടി ലഭ്യമാക്കിയിട്ടില്ല.

വാർഷിക പദ്ധതി നടത്തിപ്പിന്റെ ഓരോ ഘട്ടങ്ങളിലും കാര്യക്ഷമമായി ഇടപെടലുകൾ നടത്തേണ്ട ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി, വർക്കിംഗ് ഗ്രൂപ്പ് എന്നിവ അത്തരം ഇടപെടലുകൾ നടത്തിയതായി കാണുന്നില്ല. പദ്ധതി അംഗീകാരത്തിനായി വികസന സെമിനാറിലേക്കും, ഭരണ സമിതിയിലേക്കും ശുപാർശ ചെയ്തതായി സ്ഥിരം സമിതിയുടെ വർഷാരംഭത്തിലെ 2 യോഗങ്ങളിൽ കാണുന്നുണ്ട്. തുടർന്ന് പദ്ധതി നിർവ്വഹണ ഘട്ടങ്ങളിൽ കാര്യമായ ഇടപെടലുകൾ നടത്തിയതായി കാണുന്നില്ല. 3 കട്ടിലുകളുടെ വിലയായ 10,032/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-13 <u>വി.ഇ.ഒ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ</u>

2017-18 വർഷത്തിൽ വി.ഇ.ഒ നടപ്പാക്കിയ വിവിധ പദ്ധതികളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. <u>പ്ലാസ്റ്റിക്ക് മാലിന്യ ശേഖരണം (പ്രൊജക്റ്റ് നം. 92/18)</u>

ഹരിത കർമ്മസേന രൂപീകരിക്കുക, പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ശേഖരിച്ച് പഞ്ചായത്ത് സംഭരണ കേന്ദ്രത്തിൽ എത്തിക്കുക, ശേഖരിച്ച പ്ലാസ്റ്റിക്ക് ബ്ലോക്ക് പഞ്ചായത്ത് സംസ്കരണ സ്ഥലത്തേക്ക് കൊണ്ടുപോകൽ എന്നിവ ലക്ഷ്യം വച്ചാണ് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത്. വകയിരുത്തിയ തുകയുടെയും, ചെലവഴിച്ച

തുകയുടെയും വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| വകയിരുത്തിയ തുക | 2,00,000/- | വികസന ഫണ്ട്(ജനറൽ) |
| | 2,00,000/- | കേന്ദ്രാവിഷ്കൃതം |
| | 1,50,000/- | ഗുണഭോക്തൃ വിഹിതം (സ്ഥാപനത്തിൽ അടയ്ക്കുന്നത്.) |
| ആകെ | 5,50,000/- | |
| ചെലവഴിച്ച തുക | 1,50,000/- | വികസന ഫണ്ട്(ജനറൽ) ബിൽ നം. 320723/28.03.2018 |

ഇതിൽ 1,50,000/- രൂപ ഹരിത കർമ്മസേനയുടെ 44122200117469 നം അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുള്ളതാണ്. 2017-18 വർഷത്തിൽ തുക ചെലവഴിച്ചിട്ടില്ല. ഹരിത കർമ്മസേന രൂപീകരിച്ചതിന്റെയും ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്ത് സ്ഥാപനത്തിൽ അടവാക്കിയതിന്റെയും രേഖകൾ ഹാജരാക്കിയിട്ടില്ല. തുക ചെലവഴിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ ചെലവഴിച്ച 1,50,000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

2. <u>പി.എം.എ.വൈ വിഹിതം കൈമാറൽ - തുക വിനിയോഗിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല</u>

ചുവടെ ചേർക്കുന്ന പദ്ധതികളിലായി പി.എം.എ.വൈ ഭവന പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയ്ക്ക് വിഹിതം കൈമാറിയിട്ടുണ്ട്.

| പ്രൊ. നം | പ്രൊജക്ടിന്റെ പേര് | വകയിരുത്തിയ തുക | കൈമാറിയ തുക | ബിൽ നം., തീയതി |
|---|---|---|---|---|
| 32/18 | പി.എം.എ.വൈ വിഹിതം കൈമാറൽ-ജനറൽ | 80,000/- | 80,000/- | 796757/ 16.12.17 |
| 33/18 | പി.എം.എ.വൈ വിഹിതം കൈമാറൽ-ജനറൽ | 60,000 | 60,000 | 796768/ 16.12.2017 |

തുക ബ്ലോക്ക് പഞ്ചായത്ത് കൈപ്പറ്റിയതിന്റെ രശീതി ഹാജരാക്കിയിട്ടില്ല. കൂടാതെ, ഓരോ വിഭാഗത്തിലും എത്ര ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി എന്നതു സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവഴിച്ച തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 3-14 ആശ്രയ പ്രൊജക്ട് 2ാം ഘട്ടം ലക്ഷ്യം കൈവരിച്ചില്ല.

പരാശ്രയമില്ലാത്തവരും അടിസ്ഥാന ജീവിതോപാധികൾ ലഭ്യമല്ലാത്തവരുമായ കുടുംബങ്ങളെ സർവെയിലൂടെ കണ്ടെത്തി 2014 ൽ ആരംഭിച്ച് 2017 ൽ പൂർത്തീകരിക്കും വിധം രൂപീകരിക്കപ്പെട്ടതാണ് ആശ്രയ പ്രൊജക്ട് 2ാംഘട്ടം. ഇത്തരത്തിൽ കണ്ടെത്തിയ 57 അഗതി കുടുംബങ്ങൾക്ക്പരിചരണ സേവനങ്ങളുടെ പാക്കേജ് വഴി ഭക്ഷണം, ആരേഗ്യസുരക്ഷ, കിടപ്പാടം, പാർപ്പിടം, കുടിവെള്ളം, വിദ്യാഭ്യാസം എന്നീ അടിസ്ഥാന ജീവിതോപാധികൾ ലഭ്യമാക്കുക എന്നതാണ് ആശ്രയ പ്രൊജക്ട് ലക്ഷ്യമിടുന്നത്. പ്രൊജക്ട് നിർവഹണം പരിശോധിച്ചതിൽ ആശ്രയ ഗുണഭോക്താക്കളിൽ ഭൂരിഭാഗം പേർക്കും നാളിതുവരെ മേൽപറഞ്ഞ അടിസ്ഥാന ആവശ്യങ്ങൾ ലഭ്യമായതായി കാണുന്നില്ല. കുടുംബശ്രീയിൽ നിന്നും ലഭ്യമായ കണക്കുകൾ പ്രകാരം ആശ്രയ കുടുബങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റാൻ അവശേഷിക്കുന്നതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| സേവന പാക്കേജ് | ആവശ്യമായ കുടുംബങ്ങളുടെ എണ്ണം | ആനുകൂല്യംലഭ്യമായ കുടുംബങ്ങളുടെ എണ്ണം | അവശേഷിക്കുന്ന കുടുംബങ്ങൾ |
|---|---|---|---|
| ഭവനം | 8 | 3 | 5 |
| ഭവന പുനരുദ്ധാരണം | 12 | 7 | 5 |
| ഭൂമി | 1 | 0 | 1 |

| | | | |
|---|---|---|---|
| കക്കൂസ് | 14 | 5 | 9 |
| കുടിവെള്ളം | 26 | ലഭ്യമല്ല | |
| വൈദ്യുതി | 9 | ലഭ്യമല്ല | |

ആശ്രയ പ്രൊജക്ട് വകയിരുത്തൽ പ്രകാരം മേൽ ഘടകങ്ങൾക്ക് ആവശ്യമായ തുക വകയിരുത്തി ലക്ഷ്യം നിറവേറ്റേണ്ടത് പഞ്ചായത്തിന്റെ ചുമതലയാണെന്നിരിക്കെ പ്രൊജക്ട് സമയപരിധി കഴിഞ്ഞിട്ടും അർഹരായ ഗുണഭോക്താക്കൾക്ക് തങ്ങൾക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭിക്കാത്തത് അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ടി കാലയളവിലേക്ക് വികസന ഫണ്ടിൽ നിന്ന് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതിൽ ചെലവഴിക്കാനവശേഷിക്കുന്ന തുക കണക്കാക്കി സർക്കാരിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-15 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം - അപാകതകൾ

പ്രൊജക്ട് നം : S0031/18

നിർവഹണം : അസി. സെക്രട്ടറി

അടങ്കൽ : 9,00,000/-(വികസനഫണ്ട് - SCP)

ചെലവ് : 7,55946/- (932182/24.01.2018)

രണ്ട് ലക്ഷം രൂപയിൽ താഴെ വരുമാനമുള്ള കുടുംബത്തിലെ ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക് (ഡിപ്ലോമ), എഞ്ചിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ബിരുദം, ബിരുദാനന്തര ബിരുദം)എന്നീ കോഴ്സുകൾക്ക് സർക്കാർ എയിഡഡ്/ സ്വാശ്രയ സ്ഥാപനങ്ങളിലോ/സർവ്വകലാശാലകളിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് 30,000/- രൂപ വിലയുള്ള ലാപ്ടോപ്പ് വാങ്ങി നൽകാനാണ് പദ്ധതിയിൽ തുക വകയിരുത്തിയിരിക്കുന്നത്. E-Tender നടപടിക്രമം വഴി Amster ബിസിനസ് കോർപ്പറേഷനിൽ നിന്നും 7,55,940/- രൂപ ചെലവഴിച്ച് 30 ലാപ്ടോപ്പുകൾ വാങ്ങി നൽകിയിട്ടുണ്ട്. (പ്രൊക്വയർമെന്റ് കമ്മറ്റി തീരുമാനം.37/17-18 തീ. 12.10.2017 പ്രകാരം E-Tender നടത്തുന്നതിന് നിർവ്വഹണോദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയത്. E-Tender അംഗീകരിച്ചതിന്റെ വിവരങ്ങൾ ഹാജരാക്കിയില്ല) Lenova Branded Intel 64 bit multicore processor with 4GB RAM, 1TB HDD ആണ് വാങ്ങി നൽകിയത്. പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1. ജില്ലാ പഞ്ചായത്തിൽ നിന്നും സാക്ഷ്യപത്രമില്ലാതെ ലാപ്ടോപ്പുകൾ വിതരണം ചെയ്തു

ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് ജില്ലാ പഞ്ചായത്തിൽ നിന്നും ലാപ് ടോപ്പുകൾ ലഭ്യമാക്കിയിട്ടില്ല എന്നത് സംബന്ധിച്ച സാക്ഷ്യപത്രമില്ലാതെയാണ് ലാപ്ടോപ്പുകൾ വിതരണം ചെയ്തിട്ടുള്ളത്.

a. ഗോപിക, D/o. ഗോപാലൻ, തെക്കെ പാണ്ടിക്കര (III yr BA History)

b. ആദർശ് S/o. രാജൻ, പുരക്കൽ(BA sanskrit)

c. ദീപ്തി ബെൻ, D/o. ബാബു, കുളങ്ങരത്താഴെ(Electronics Engineering)

d. സുബിൻ. ബി

e. ശരണ്യ കൃഷ്ണൻ. സി. പി(BA Politics-III yr)

2. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി

ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ ഗ്രാമസഭ തെരഞ്ഞെടുത്ത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല.

a. അമർചന്ദ്, S/o. ചന്ദ്രൻ

b. ആര്യ ചന്ദ്രൻ, D/o. ചന്ദ്രൻ

c. സത്യപ്രിയ D/o. സത്യൻ

3. മറ്റ് അപാകതകൾ

a. കൈപ്പറ്റ് രശീതിൽ തീയതി രേഖപ്പെടുത്തുന്നില്ല. തീയതി രേഖപ്പെടുത്തിയ 2 കൈപ്പറ്റ് രശീതികൾ പ്രകാരം ലാപ്ടോപ്പ് വിതരണം ചെയ്തിരിക്കുന്നത് 29.01.2018 തീയതിയിലാണ്. (30 ഗുണഭോക്താക്കളിൽ 6 പേരും ബിരുദ ബിരുദാനന്തര കോഴ്സുകളിലെ അവസാന വർഷ വിദ്യാർത്ഥികളാണ്. )

b. പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്യുന്നതിന് ആവിഷ്കരിച്ച പ്രൊജക്റ്റിൽ മാനദണ്ഡമായി രേഖപ്പെടുത്തിയിരിക്കുന്നത് ചുവടെ ചേർക്കുന്നവയാണ്.

1. മാരകരോഗം ബാധിച്ച അംഗങ്ങളുള്ള കുടുംബം(20)

2. ഒന്നിലധികം പെൺകുട്ടികളുള്ള കുടുംബം(20)

3. സ്ത്രീ കുടുംബനാഥയായ കുടുംബം(20)

4. സർക്കാർ വകുപ്പിൽ നിന്നും ആനുകൂല്യം കിട്ടാത്തവർ(20)

5. വയോജനങ്ങൾ ഉൾപ്പെട്ട കുടുംബം(20)

പദ്ധതിയുടെ ആവശ്യകത പരിശോധിക്കാതെ മാനദണ്ഡം ഉൾപ്പെടുത്തിയതിനും

ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്കും, മതിയായ രേഖകൾ സമർപ്പിക്കാത്തവർക്കും ആനുകൂല്യം നൽകിയതിനും വിശദീകരണം നൽകേണ്ടതാണ്. പദ്ധതി നിർവ്വഹണ ഘട്ടങ്ങളിൽ സ്റ്റാൻഡിംഗ് കമ്മറ്റി, വർക്കിംഗ് ഗ്രൂപ്പ് എന്നിവ കാര്യക്ഷമമായ ഇടപെടലുകൾ നടത്തിയതായി കാണുന്നില്ല.

## 3-16 S.S.A.വിഹിതം അടവാക്കൽ-വിനിയോഗ വിവരം ലഭ്യമാക്കിയില്ല

ഹെഡ് മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി എസ്.എസ്.എ.വിഹിതം അടവാക്കുന്നതിന് താഴെപ്പറയുന്ന പ്രൊജക്ടുകൾ പ്രകാരം മൂന്ന് ലക്ഷം രൂപ പിൻവലിച്ച് ജില്ലാപ്രൊജക്ട് ഓഫീസർ S.S.A. കോഴിക്കോടിന് നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ

| പ്രോജക്ട് നമ്പർ/പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ബിൽ നമ്പർ. തിയ്യതി |
|---|---|---|---|
| 38/18 .എസ്.എസ്.എ വിഹിതം | 200000 | 200000 | 1/28.7.18 |
| 40/17-18എസ്.എസ് .എ. വിഹിതം എസ്.സി.പി | 100000 | 100000 | 2/28-7-18 |

എസ്.എസ് എ വിഹിതമായി അടവാക്കിയ മേൽതുകകളുടെ വിനിയോഗ വിവരം ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല. ആയതു ലഭ്യമാക്കാനാവശ്യമായ നടപടികൾ നിർവഹണ ഉദ്യോഗസ്ഥൻ കൈകൊള്ളുകയോ, അടവാക്കിയ തുകക്ക് വിനിയോഗ വിവരം ലഭിക്കാത്തത് സംബന്ധിച്ച് ബന്ധപ്പെട്ട മോണിറ്ററിംഗ് കമ്മറ്റി, മേൽനോട്ടചുമതലയുള്ള ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗി കമ്മറ്റി എന്നിവ ചർച്ചചെയ്ത് ആവശ്യമായ നടപടികൾ കൈകൊള്ളുകയോ ചെയ്തിട്ടില്ല. വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കാനാവശ്യമായ നടപടികൾ ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ നിന്നും ഉണ്ടാവേണ്ടതാണ്. ചെലവു തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 3-17 മുഴുവൻ മരുന്നുകളും ലഭ്യമായില്ല

പ്രൊ നം – 18/2018

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, ആയുർവ്വേദം.

അടങ്കൽ - 600000

ചെലവ് - 600000

2017-18 വർഷം ആയുർവ്വേദ മരുന്നുകൾ വാങ്ങുന്നതിനായി 22.08.2017 ൽ 600000 രൂപ ബിൽ നം- 1/2018, തീ.22.08.2017 പ്രകാരം പിൻവലിച്ച് 60 ദിവസത്തിനകം മരുന്ന് ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്ത് ആയുർവ്വേദ ഡോക്ടർ തുക 02.09.2017 ന് ഔഷധിക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായും മുഴുവൻ തുകക്കുള്ള മരുന്നുകളും ഔഷധി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് സമയത്ത് 15118 രൂപയുടെ മരുന്നുകൾ ഔഷധിയിൽ നിന്നും ലഭിക്കാനുള്ളതായി കാണുന്നു. മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കേണ്ടതും മരുന്നുകൾ കൈപ്പറ്റി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. തുക 15118 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-18 മണൽ പാസ്- തുക തിരിച്ച് നൽകിയതിൽ അവ്യക്തത

2017-18 വർഷത്തെ തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ 2014-15 സാമ്പത്തിക വർഷത്തിൽ മണലിന് വേണ്ടി പാസ് കൈപ്പറ്റിയ ഗുണഭോക്താക്കൾ, മണൽ വാരുന്നതിന് നിരോധനം വന്ന സാഹചര്യത്തിൽ അടവാക്കിയ തുക തിരികെ ആവശ്യപ്പെടുകയും, തുക വിവിധ തീയതികളിലായി ഗ്രാമപഞ്ചായത്ത് തിരികെ നൽകുകയും ചെയ്തിട്ടുണ്ട്. 2014-15 വർഷത്തിൽ മണൽ പാസ്സിനായി അടവാക്കിയ തുക റീവാലിഡേറ്റഡ് ചെയ്യാതെ 2017-18 വർഷത്തിൽ തിരികെ നൽകി നടപടി അംഗീകരിക്കാനാവില്ല. മാത്രമല്ല പാസ് നൽകുന്ന സമയത്ത് ഈടാക്കുന്ന വാറ്റ്, ആദായ നികുതി, റോയൽറ്റി, ദുരിതാശ്വാസ നിധി, ആർ.എം.എഫ് എന്നിവ അതാത് ഫയലിലേക്ക് അടവാക്കിയതിനാൽ പാസിലുൾപ്പെട്ട മൊത്തം തുക ഗുണഭോക്താക്കൾക്ക് തിരികെ നൽകിയിരിക്കുന്നത് വഴി ഗ്രാമപഞ്ചായത്തിന് അധിക ചെലവുണ്ടായിട്ടുണ്ട്. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-19 ആദായ നികുതി ഈടാക്കിയതിൽ കുറവ്

ആദായ നികുതി നിയമം സെക്ഷൻ 194 സി പ്രകാരം 1.4.2010 മുതൽ പ്രവർത്തികൾക്ക് വ്യക്തികളിൽ നിന്നും 1% മറ്റുള്ളവരിൽ നിന്നും 2% എന്നിങ്ങനെയാണ് ആദായ നികുതി ഈടാക്കേണ്ടത്. എന്നാൽ രാവറ്റമംഗലം ലേബർ കോൺട്രാക്ട് കോ.ഓപ് സൊസൈറ്റി മുഖേന നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രവർത്തികൾക്ക് 1% നിരക്കിലാണ് ആദായ നികുതി ഈടാക്കിയിരിക്കുന്നത്. ആയതിന്റെ വിശദ വിവരം താഴെക്കൊടുക്കുന്നു.

| പ്രവർത്തിയുടെ പേര് | പ്രവർത്തി മൂല്യം | ഈടാക്കേണ്ട I.T | ഈടാക്കിയ I.T | കുറവ് | നിർവഹണം |
|---|---|---|---|---|---|
| പറമ്പത്ത് മുക്ക് | 141221 | 2824 | 1412 | 1412 | സെക്രട്ടറി |

| | | | | | |
|---|---|---|---|---|---|
| കുതിരപ്പെട്ടി റോഡ് ടാറംഗ് | ബിൽ നമ്പർ 11/18തി 23.8.17 | | | | |
| നെല്ല്യാണ്ടിമുക്ക് പൈക്കാട്ട് കുന്ന് സാംസ്കാരിക കേന്ദ്രം റോഡ് | 341145 ബിൽ നമ്പർ 44/28/2/18 | 6823 | 3411 | 3412 | A.E |
| കുറവ് | | | | 4824 | |

തുക കുറവായി ഈടാക്കാനുണ്ടായ സാഹചര്യം വിശദമാക്കിയിട്ടില്ല. നിർമ്മാണ പ്രവർത്തികളിൽ നിന്നും നികുതികൾ, നിർമ്മാണ തൊഴിലാളി ക്ഷേമനിധിവിഹിതം എന്നിവ നിശ്ചിത നിരക്കിൽ തന്നെ കുറവുചെയ്യുന്നുണ്ടെന്ന് ഉറപ്പുവരത്തേണ്ടത് നിർവഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്. പ്രവർത്തികളുടെ മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കുന്ന പൊതുമരാമത്ത്/ ഊർജം വർക്കിംഗ് ഗ്രൂപ്പിനും ആയതിൽ ഉത്തരവാദിത്വമുണ്ട്. തുക ഈടാക്കി ബന്ധപ്പെട്ട ഡിപാർട്ട് മെന്റിൽ അടവാക്കേണ്ടതാണ്.

## 3-20 കന്നുകുട്ടി പരിപാലനം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.

| പദ്ധതി വിശദാംശങ്ങൾ | |
|---|---|
| പ്രൊജക്ട് നം | 41/2018 |
| പ്രൊജക്ടിന്റെ പേര് | കന്നുകുട്ടി പരിപാലനം (വനിത ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശ്രീമതി,റസീന, മന്നത്ത്. വെറ്ററിനറി സർജൻ |
| അടങ്കൽ | 1250000 |

| പദ്ധതി വിശദാംശങ്ങൾ | |
|---|---|
| ചെലവ് | 312500 (വികസന ഫണ്ട്)<br>ബിൽ നം- പി6/17-18, തീ.19.01.2018 |

മേൽ പദ്ധതി പ്രകാരം നിർവഹണ ഉദ്യോഗസ്ഥയായ വെറ്ററിനറി സർജൻ വികസന ഫണ്ടിൽ നിന്നും കന്നുകുട്ടി പരിപാലന പദ്ധതിയുടെ ഗ്രാമപഞ്ചായത്ത് വിഹിതമായി 312500 രൂപ പിൻവലിച്ച്, അസിസ്റ്റന്റ് ഡയറക്ടർ, കന്നുകുട്ടി പരിപാലന പദ്ധതിയുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ മേൽ തുകയുടെ വിനിയോഗ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. മേൽ സാഹചര്യത്തിൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-21 മാർഗ്ഗരേഖക്ക് വിരുദ്ധമായി പദ്ധതി പ്രവർത്തനങ്ങൾക്ക് തനത് ഫണ്ട് വകയിരുത്തുന്നു.

ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങൾക്കുള്ള വിഭവ വകയിരുത്തലിൽ തനത് ഫണ്ടും വകയിരുത്തുന്നുണ്ട്. യുക്തി സഹമായ രീതിയിലല്ല തനത് ഫണ്ട് പദ്ധതി പ്രവർത്തനങ്ങൾക്കായി അടങ്കൽ ചെയ്ത് ചെലവഴിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

തനത് ഫണ്ടിന്റെ വകയിരുത്തലും വിനിയോഗവും.

| വർഷം | അടങ്കൽ | ചെലവ് |
|---|---|---|
| 2016-17 | 2305324 | 1184332 |
| 2017-18 | 1433032 | 560291 |

29.03.2017 തീയതിയിലെ ജി.ഒ.(എം.എസ്) നം-72/2017 /ത.സ്വ.ഭ.വ ഉത്തരവ് പ്രകാരമുള്ള പതിമൂന്നാം പഞ്ചവത്സര പദ്ധതി ആദ്യ വാർഷിക പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 11 ൽ വിഭവ സ്രോതസ്സുകളുടെ വകയിരുത്തലിനെ കുറിച്ച് വ്യക്തമാക്കുന്നുണ്ട്. ഖണ്ഡിക 11.1(4) പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെയും ബന്ധപ്പെട്ട ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരം തനത്/ പൊതു ആവശ്യ ഫണ്ടിൽ നിന്നും നിർവ്വഹിക്കേണ്ടതായ അനിവാര്യ ചെലവുകൾക്കും ആവശ്യമായ തുക ബജറ്റിൽ മാറ്റി വെച്ച ശേഷം മിച്ചമുള്ള തുകയാണ് തനത് ഫണ്ട് എന്ന സ്രോതസ്സായി പദ്ധതിയിൽ

ഉൾപ്പെടുത്തേണ്ടത്.

ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് നീക്കിയിരിപ്പ് കമ്മിയാണ് ( ഖണ്ഡിക 3-2 കാണുക) മേൽ സാഹചര്യത്തിലാണ് 2017-18 ൽ തനത് ഫണ്ടിൽ നിന്നും 1433032 രൂപ അടങ്കൽ ചെയ്ത് 560291 രൂപ ചെലവഴിച്ചിട്ടുള്ളത്.

വിഭവ സ്രോതസ്സുകളുടെ ലഭ്യത ഉറപ്പ് വരുത്തിയതിന് ശേഷമേ പദ്ധതി പ്രവർത്തനങ്ങൾക്കായി അടങ്കൽ ചെയ്യാവൂ. അല്ലാത്ത പക്ഷംധന സ്രോതസ്സിന്റെ അപര്യാപ്തത മൂലം പദ്ധതി പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടാനോ, തനത് ഫണ്ടിന്റെ കമ്മി സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ തടസ്സപ്പെടാനോ കാരണമായി തീരും. മേൽ സാഹചര്യത്തിൽ തനത് ഫണ്ട് പദ്ധതി പ്രവർത്തനങ്ങൾക്കായി വകയിരുത്തും മുൻപ് ആയതിന്റെ നീക്കിയിരിപ്പ് പരിശോധിക്കേണ്ടതും പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 4,25,000 | നെൽക്യഷിക്ക് കൂലി ചെലവ് സബ്സിഡി, വിത്ത് വിതരണം(10/18) | 4,25,000 | ഇല്ല |
| | | 75,000 | ഭിന്നശേഷി സ്കോളർഷിപ്പ് | 75,000 | ഇല്ല |

| | | | | | |
|---|---|---|---|---|---|
| | | | (27/18) | | |
| | | 4,00,000 | പാലളവനുസരിച്ച് ഇൻസന്റീവ്(50/18) | 4,00,000 | ഇല്ല |
| ജില്ലാ പഞ്ചായത്ത് | 2017-18 | 4,25,000 | നെൽക്കൃഷിക്ക് കൂലി ചെലവ് സബ്സിഡി, വിത്ത് വിതരണം(10/18) | 4,25,000 | ഇല്ല |
| | | 50,000 | ഭിന്നശേഷി സ്കോളർഷിപ്പ് (27/18) | 75,000 | ഇല്ല |
| | | 1,50,000 | പാലളവനുസരിച്ച് ഇൻസന്റീവ്(50/18) | 1,00,000 | ഇല്ല |
| | | 2,00,000 | ക്ഷീര ഗ്രാമം (52/18) | 1,60,000 | 40,000 |
| | | 773155 | കിഴക്കെ പെരുവാന്തി മഞ്ചേരിക്കുഴിച്ചാലിൽ കുടിവെള്ള പദ്ധതി | 4,38,213 | 3,34,942 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ വിഭാഗം | അംഗൻവാടി ഇലക്ട്രിഫിക്കേഷൻ (112/18) | 17/17-18 തീ.15.01.2018 | 1,32,750 | 1,32,750 | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് ചുവടെ ചേർക്കും പ്രകാരം നൽകിയിട്ടുണ്ട്. വർഷാവസാനത്തിൽ പ്രവൃത്തി പൂർത്തിയാക്കി ഫൈനൽബില്ല് നൽകാത്തതിന്റെ വിവരം താഴെ കാണിക്കുന്നു.

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം/ ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി രാവറ്റമംഗലം ലേബർ കോൺട്രാക്ട് ആന്റ് കൺസ്ട്രക്ഷൻ സൊസൈറ്റി | കോമത്ത് മുക്ക് നാഗത്ത് മുക്ക് റോഡ്(62/18) | 17160652036901187279 | 78250 | 0 | 78250 |
| 2 | | ചങ്ങരോത്ത് പൊയിൽ നാഗത്ത് ഭാഗം റോഡ്(63/18) | 17160652036901187291 | 86250 | 0 | 86250 |
| 3 | | ഭഗവതിക്കോട്ട ഹൈസ്കൂൾ വരിക്കോളി ചാലിൽ റോഡ് (65/18) | 17160652036901187292 | 46250 | 0 | 46250 |
| 4 | | തടത്തിൽ മുക്ക് അംഗൻവാടി റോഡ് (66/18) | 17160652036901187294 | 52500 | 0 | 52500 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 5 | പള്ളിക്കൽ താഴെ മഠത്തിൽ മുക്ക് റോഡ്(67/18) | 17160652036901187295 | 115000 | 0 | 115000 |
| 6 | ഈന്തൻ കണ്ടി കിഴക്കയിൽ താഴെ റോഡ്(70/18) | 17160652036901187296 | 134000 | 0 | 134000 |
| 7 | പന്നിമുക്ക് പമ്പ് ഹൗസ് റോഡ്(71/18) | 17160652036901187297 | 112500 | 0 | 112500 |
| 8 | കണ്ണിപ്പെയിൽ മുക്ക് മഖാം പള്ളി മലയിൽ മുക്ക് റോഡ് | 17160652036901187298 | 2,75,000 | 0 | 2,75,000 |
| 9 | സാംസ്കാരിക നിലയം ചാനിയം കടവ് റോഡ് (81/18) | 17160652036901187299 | 146250 | 0 | 146250 |
| 10 | ചുങ്കം പ്രാണി മുണ്ടക്കൽ റോഡ്(89/18) | 17160652036901187300 | 110000 | 0 | 110000 |

| | | | | | | |
|---|---|---|---|---|---|---|
| 11 | | നാഗത്ത് കണ്ടി മുക്ക് നൊച്ചുള്ളകണ്ടി മുക്ക് റോഡ്(91/18) | 17160652036901187303 | 31250 | 0 | 31250 |

പ്രവൃത്തി പൂർത്തീകരിച്ച് ഡെപ്പോസിറ്റ് തുക ക്രമീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | 646/2010/ തസ്വഭവ തീ. 25.02.2010 | 1,36,03,500 | 38,96,823 | 13,36,350 | | 25,60,473 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10,000 |

| | |
|---|---|
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 10,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ഇ.എം.എസ് മെമ്മോറിയൽ കോ ഓപ്പറേറ്റീവ് ഹോസ്പിറ്റൽ & റിസർച്ച് സെന്റർ ഷെയർ | 21.02.2016 | ലഭ്യമായില്ല | 10,000 | |
| ആകെ | | | | 10,000 | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 2,256/-രൂപയുടെ വിശദാംശങ്ങൾ താഴെ

കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2008-09 | 3.15 | 2256 | ശ്രീ. അസ്സയിനാർ, അസി. എഞ്ചിനീയർ | 117010104133/ 20.12.2017 |

* മേൽ തുക വാർഷിക കണക്കിൽ ഓഡിറ്റ് റിക്കവറി ഇനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-2001 | 17 | 2003-04 | 11.13.1.23 | ഓട്ടോ ഡ്രൈവിംഗ് പരിശീലനം | നിലനിൽക്കുന്നു |
| | | 2004-05 | 11.1.3.45 | നികുതി പിരിവിൽ അലംഭാവം | നിലനിൽക്കുന്നു |
| 1999-00 | | 2004-05 | 11.1.3.13 | നികുതി പിരിവിൽ അലംഭാവം | നിലനിൽക്കുന്നു |

| | | | | | |
|---|---|---|---|---|---|
| 2000-01 | 5 | 2004-05 | 11.1.3.45 | വനിതകൾക്ക് ഓട്ടോ തൊഴിൽ പരിശീലനം | നിലനിൽക്കുന്നു |
| | | 2011-12 | 3.2.7 അനുബന്ധം 9 | ആസ്തി രജിസ്റ്റർ പരിപാലനം | നിലനിൽക്കുന്നു |
| | | 2011-12 | 3.2.10 അനുബന്ധം 9 | റോഡ് ചെയിനേജ് രേഖപ്പെടുത്തൽ | നിലനിൽക്കുന്നു |
| | | 2014-15 | 4.2.2 അവലോകനം | വാരാവുന്ന മണൽ | നിലനിൽക്കുന്നു |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,68,22,841 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,90,28,695 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 57,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 927650 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ | അപാകത |
|---|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ആളുടെ പേരും ഉദ്യോഗപ്പേരും | പരിഹരിക്കേണ്ട ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 3-3 | | 57,000 | ശ്രീ. ഷാജി.എം. സ്റ്റീഫൻ, സെക്രട്ടറി | ശ്രീ. വിനോദ്കുമാർ. ടി.എം സെക്രട്ടറി |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | അപാകത പരിഹരിക്കേണ്ട ഉദ്യോഗസ്ഥൻ |
|---|---|---|---|
| 3-12 | 10,032 | ശ്രീമതി. രജനി. പി, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. രജനി. പി, ഐ.സി.ഡി.എസ് സൂപ്രവൈസർ |
| 3-13(1) | 1,50,000 | ശ്രീ. ഷാജി. കെ, വി.ഇ.ഒ | ശ്രീ. ഷാജി. കെ, വി.ഇ.ഒ |
| 3-13(2) | 1,40,000 | | |
| 3-16 | 3,00,000 | ശ്രീ. രാജൻ. എൻ, ഹെഡ് മാസ്റ്റർ | ശ്രീ. രാജൻ. എൻ, ഹെഡ് മാസ്റ്റർ |
| 3-17 | 15118 | ഡോ.സീന.ബി.മഠത്തിൽ ആയുർവേദ മെഡിക്കൽ ഓഫീസർ | ഡോ.സീന.ബി.മഠത്തിൽ ആയുർവേദ മെഡിക്കൽ ഓഫീസർ |
| 3-20 | 312280 | ഡോ.റസീന മന്നത്ത് വെറ്റിനറി സർജൻ | ഡോ.റസീന മന്നത്ത് വെറ്റിനറി സർജൻ |
| | 927650 | | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | തുക | ഇനം |
|---|---|---|
| 3-19 | 4,824 | ഇൻകംടാക്സ് |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ഷാജി.എം. സ്റ്റീഫൻ, സെക്രട്ടറി | സെക്രട്ടറി, കായണ്ണ ഗ്രാമപഞ്ചായത്ത് | മടിക്കയാങ്കൽ വീട് കായണ്ണ പി.ഒ 673526 |
| ശ്രീമതി. രജനി. പി, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ കൂത്താളി ഗ്രാമപഞ്ചായത്ത് | പുതുശ്ശേരി വീട് നടുവണ്ണൂർ പി.ഒ 676314 |
| ശ്രീ. ഷാജി. കെ, വി.ഇ.ഒ | വി.ഇ.ഒ, ചെറുവണ്ണൂർ ഗ്രാമ പഞ്ചായത്ത് | കുനിയിൽ ഹൗസ് മടപ്പള്ളി |

| | | |
|---|---|---|
| | | കോളേജ്. പി.ഒ<br>വടകര |
| ശ്രീ. രാജൻ. എൻ,<br>ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ,<br>ഗവ. എൽ.പി സ്കൂൾ,<br>ആവള | നമ്പിയത്ത് ഹൗസ്<br>കൽപ്പത്തൂർ പി.ഒ<br>മേപ്പയ്യൂർ വഴി<br>673524 |
| ഡോ.സീന.ബി.മഠത്തിൽ<br>മെഡിക്കൽ ഓഫീസർ<br>ആയുർവേദം | മെഡിക്കൽ ഓഫീസർ<br>ആയുർവേദ ആശുപത്രി<br>ചെറുവണ്ണൂർ | മലപ്പാടി വീട്<br>ചെറുവണ്ണൂർ<br>പിൻ – 673 524 |
| ഡോ.റസീന മന്നത്ത്<br>വെറ്റിനറി സർജൻ | വെറ്റിനറി സർജൻ<br>വെറ്റിനറി ഹോസ്പിറ്റൽ<br>മുയിപ്പോത്ത് | മന്നത്ത്<br>കൊഴുക്കല്ലൂർ.പി.ഒ<br>മേപ്പയൂർ –<br>673 524 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്. പി2/961/00<br>തീ. 31.03.2000 | 4 | 15,19,24,31 |
| 1997-98 | എൽ.എഫ്.<br>എസ്.1/771/01<br>തീ. 26.03.2000 | 20 | 5, 6, 7, 8, 9, 10, 11, 12, 13, 14, 15, 16, 17, 18, 19, 20, 21, 22, 23, 24 |
| 1998-99 | എൽ.എഫ്. പി2/732/03<br>തീ. 31.12.2003 | 13 | 7,12,17,18,19,20,21,23,24,25,26,27,28 |

| | | | |
|---|---|---|---|
| 1999-00 | എൽ.എഫ്. പി4/1344/09 തീ. 10.03.2010 | 3 | 29,32,41 |
| 2000-01 | എൽ.എഫ്. പി4/743/12 തീ. 11.06.2012 | 5 | 3-2,3-4, 3-5, 3-6, 3-7 |
| 2001-02 | എൽ.എഫ്. പി4/744/12 തീ. 11.06.2012 | 5 | 2-5,2-6, 2-7, 2-8, 3-1 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി എസ്.2/1011/05 തീ. 06.05.06/6.07.06 | 26 | 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 2-8, 2-9, 2-10, 2-11, 2-12, 2-13, 2-14, 2-15, 2-16, 2-17, 2-18, 2-19, 2-20, 2-21, 2-22, 2-23, 2-24, 2-25, 2-26 |
| 2003-04 | എൽ.എഫ്. പി4/74/2010 തീ.യതി.31.03.10 | 15 | 2-1, 2-2, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-10, 3-11, 3-12, 3-13, 4-1 |
| 2004-05 | എൽ.എഫ്. പി4/746/12 തീ. 11.06.2012 | 6 | 3-5, 3-6, 3-7, 3-8, 3-9, 3-11 |
| 2005-06 | എൽ.എഫ്. പി4/1218/08 തീ. 05.01.2009 | 19 | 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12 |
| 2006-07 | എൽ.എഫ്. പി4/746/12 തീ. 11.06.2012 | 19 | 1-5, 1-7, 2-2, 3-1, 3-3, 3-4, 3-5, 3-6, 3-7, 3-9, 3-11, 3-12, 3-13, 3-14, 3-15, 3-18, 3-19, 3-20, 3-21 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി പി4/114/15 തീ. 31.03.15 | 20 | 2-1, 2-2, 2-3, 2-4, 2-5, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-13, 3-16, 3-18, 3-19, 3-20, 3-21, 3-22 |

| | | | |
|---|---|---|---|
| 2008-09 | എൽ.എഫ്. പി4/749/12 തീ. 25.07.12 | 13 | 2-2, 3-1, 3-2, 3-6, 3-7(1), 3-11, 3-13, 3-15, 3-16, 3-17, 3-19, 3-20, 3-21 |
| 2009-10 | എൽ.എഫ്. പി4/749/12 തീ. 30.07.12 | 31 | 1-1, 1-2, 1-3, 1-4, 1-5, 1-6, 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 3-1, 3-1(2), 3-6, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-18, 3-19, 3-20, 3-22, 3-23, 4-3, 4-7 |
| 2010-11, 11-12 | എൽ.എഫ്. പി4/11/13 തീ. 21.08.2013 | 22 | 1-1, 2-3,2-4, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-20, 3-21 |
| 2012-13 | കെ.എസ്.എ.കെ.കെ.ഡി/ പി4/906 /17 തീ. 08.05.2017 | 21 | 1-2, 1-3, 2-1, 2-2, 2-3, 2-4, 3-1, 3-2, 3-4, 3-5, 3-7, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 4-1, 4-2, 4-4 |
| 2013-14, 14-15 | കെ.എസ്.എ.കെ.കെ.ഡി/ പി4/1209 / 17 തീ. 16.05.2017 | 20 | 1-3, 2-1, 3-1, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 4-5 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി. പി4/2075/2016 തീ. 30.11.2016 | 24 | 2-1, 2-2, 2-3, 2-4, 2-5, 3-1, 3-2, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി. പി4/38/2018 തീ. 28.02.18 | 18 | 2-1, 2-4, 2-5, 2-6, 2-7, 2-8, 2-9, 2-10, 3-1, 3-2, 3-5, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

### ഓഡിറ്റ് സാക്ഷ്യപത്രം

നം:കെ.എസ്.എ.കെ.കെ.ഡി.പി4/2456/2018 തീയ്യതി:10.12.2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്